بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ نَحۡمَدُہٗ وَنُصَلِّیۡ عَلٰی رَسُوۡلِہِ الۡکَرِیۡمِ وَعَلٰی عَبۡدِہِ الۡمَسِیۡحِ الۡمَوۡعُوۡدِ

وَلَقَدۡ نَصَرَکُمُ اللّٰہُ بِبَدۡرٍ وَّاَنۡتُمۡ اَذِلَّۃٌ

വാല്യം 11 ലക്കം 05

# ബദർ

വീക്കിലി ഖാദിയാൻ

Weekly BADAR Qadian Malayalam

വാർഷിക വരിസംഖ്യ 600

www.akhbarbadrqadian.in

പത്രാധിപർ എച്ച്.ശംസുദ്ദീൻ

സഹപത്രാധിപർ മുഹമ്മദ് ഇസ്മായീൽ

2026 ജനുവരി 29 • ഹി.ശം. 1405 സുൽഹ് 29 • ഹിജ്‌രി ഖമരി 1447 ശഅ്ബാൻ 9


## അല്ലാഹുവിന്റെ വചനം

قُلۡ لِّلۡمُؤۡمِنِیۡنَ یَغُضُّوۡا مِنۡ اَبۡصَارِہِمۡ وَیَحۡفَظُوۡا فُرُوۡجَہُمۡ ؕ ذٰلِکَ اَزۡکٰی لَہُمۡ ؕ اِنَّ اللّٰہَ خَبِیۡرٌۢ بِمَا یَصۡنَعُوۡنَ ﴿۳۱﴾ وَقُلۡ لِّلۡمُؤۡمِنٰتِ یَغۡضُضۡنَ مِنۡ اَبۡصَارِہِنَّ وَیَحۡفَظۡنَ فُرُوۡجَہُنَّ وَلَا یُبۡدِیۡنَ زِیۡنَتَہُنَّ اِلَّا مَا ظَہَرَ مِنۡہَا وَلۡیَضۡرِبۡنَ بِخُمُرِہِنَّ عَلٰی جُیُوۡبِہِنَّ ﴿۳۲﴾

സത്യവിശ്വാസികളായ പുരുഷന്മാരോടു പറയുക, അവർ തങ്ങളുടെ കണ്ണുകൾ(ദൃഷ്ടികൾ) താഴ്ത്തുകയും (നിയന്ത്രിക്കുകയും) തങ്ങളുടെ രഹസ്യസ്ഥാനങ്ങൾ സൂക്ഷിക്കുകയും ചെയ്തുകൊള്ളട്ടെ. അത് അവർക്ക് ഏറ്റവും പരിശുദ്ധമായ മാർഗമാകുന്നു. അല്ലാഹു അവർ പ്രവർത്തിക്കുന്നതിനെക്കുറിച്ച് സൂക്ഷ്മമായി അറിയുന്നവനാകുന്നു. സത്യവിശ്വാസിനികളോടു പറയുക, അവർ തങ്ങളുടെ കണ്ണുകൾ താഴ്ത്തുകയും അവരുടെ രഹസ്യസ്ഥാനങ്ങൾ സൂക്ഷിക്കുകയും ചെയ്തുകൊള്ളട്ടെ. അവരുടെ സൗന്ദര്യം അവർ വെളിപ്പെടുത്തരുത്; അതിൽനിന്ന് സ്വയം വെളിപ്പെട്ടുപോകുന്നതല്ലാതെ.(24:31,32)

## തിരുനബിﷺയുടെ തിരുവചനങ്ങൾ:

### പർദയുടെ പ്രാധാന്യം

عَنِ ابْنِ شِهَابٍ، عَنْ نَبْهَانَ، مَوْلَى أُمِّ سَلَمَةَ أَنَّهُ حَدَّثَهُ أَنَّ أُمَّ سَلَمَةَ حَدَّثَتْهُ أَنَّهَا، كَانَتْ عِنْدَ رَسُولِ اللَّهِ صلى الله عليه وسلم وَمَيْمُونَةُ قَالَتْ فَبَيْنَا نَحْنُ عِنْدَهُ أَقْبَلَ ابْنُ أُمِّ مَكْتُومٍ فَدَخَلَ عَلَيْهِ وَذَلِكَ بَعْدَ مَا أُمِرْنَا بِالْحِجَابِ فَقَالَ رَسُولُ اللَّهِ صلى الله عليه وسلم " احْتَجِبَا مِنْهُ " فَقُلْتُ يَا رَسُولَ اللَّهِ أَلَيْسَ هُوَ أَعْمَى لاَ يُبْصِرُنَا وَلاَ يَعْرِفُنَا فَقَالَ رَسُولُ اللَّهِ صلى الله عليه وسلم " أَفَعَمْيَاوَانِ أَنْتُمَا أَلَسْتُمَا تُبْصِرَانِهِ

(سنن ترمذي، باب الادب ماجاء في احتجاب النساء من الرجال)

ഉമ്മുൽമുഅ്മിനീൻ ഉമ്മു സലമ(റ) പറയുന്നു: ഞാൻ നബിﷺതിരുമേനിയുടെ അടുത്തുണ്ടായിരുന്നു. മയ്മുന(റ)യുമുണ്ടായിരുന്നു. ഞങ്ങളിരുവരും നബിﷺതിരുമേനിയുടെ അടുത്ത് ഇരിക്കുമ്പോൾ അബ്ദുല്ലാ ബിൻ ഉമ്മി മക്തൂം വന്നു. അവരുടെ അടുത്തെത്തി. പർദയുടെ കൽപന വന്നതിനു ശേഷമുള്ള സംഭവമാണിത്. അപ്പോൾ നബിﷺതിരുമേനി പറഞ്ഞു:നിങ്ങളിരുവരും അദ്ദേഹത്തിന് പർദ പാലിക്കുക. ഞാൻ പറഞ്ഞു: അല്ലാഹുവിന്റെ റസൂലേ!അയാൾ അന്ധനല്ലേ? അദ്ദേഹത്തിന് ഞങ്ങളെ കാണാൻ കഴിയില്ല. ഞങ്ങളെ തിരിച്ചറിയാനും കഴിയില്ല. അപ്പോൾ നബിﷺതിരുമേനി പറഞ്ഞു: നിങ്ങളിരുവരും അന്ധരാണോ? നിങ്ങൾ അദ്ദേഹത്തെ കാണുന്നില്ലേ?

ഹദ്റത്ത് ജരീർ(റ) നിവേദനം: അദ്ദേഹം പറയുന്നു, ഞാൻ നബിﷺതിരുമേനിയോടു(അന്യയായ സ്ത്രീയുടെമേൽ)അപ്രതീക്ഷിതമായ ദൃഷ്ടി പതിയുന്നതിനെ സംബന്ധിച്ച് ചോദിച്ചു. അപ്പോൾ അവിടന്ന് പറഞ്ഞു: 'നീ നിന്റെ ദൃഷ്ടി തിരിക്കുക.'

## സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഉപദേശങ്ങൾ

### രക്തബന്ധമില്ലാത്ത സ്ത്രീയും പുരുഷനും ഒന്നിക്കുന്നിടത്ത് മൂന്നാമനായി അവിടെ ശയ്ത്വാനുണ്ടാകുന്നു.

ഹദ്റത്ത് മസീഹ് മൗഊദ്(അ)പറയുന്നു:"ഈയിടെയായി പർദയുടെമേൽ ആക്രമണമുണ്ടാകുന്നു. പക്ഷേ, ഇവർ അറിയുന്നില്ല, ഇസ്‌ലാമിക പർദകൊണ്ടുള്ള ഉദ്ദേശ്യം ജയിലല്ലെന്ന്! അതായത് തടവറയല്ല. പ്രത്യുത അന്യപുരുഷനും സ്ത്രീയും പരസ്പരം കാണാതിരിക്കാൻ ഒരുതരത്തിലുള്ള തടസമാണ്. പർദയുണ്ടാകുമ്പോൾ ചതിയിൽനിന്നും രക്ഷപ്പെടും. അന്യപുരുഷനും സ്ത്രീയും ഒന്നിച്ച് ഒരിടത്തുകൂടി മടിയൊന്നുമില്ലാതെ തുറന്ന നിലയിൽ സല്ലപിക്കുകയും വർത്തമാനം പറയുകയും ചെയ്യുമ്പോൾ മനസ്സിന് അടിപ്പെട്ടുപോകുകയില്ലെന്ന് നീതിമാനായ ഒരാൾക്ക് പറയാൻ കഴിയുമോ? മനസ്സിന്റെ ആവേശത്തള്ളിച്ചകൊണ്ട് വഞ്ചിക്കപ്പെടുകയില്ലെന്ന്! ചിലപ്പോൾ കേൾക്കാനും കാണാനും കഴിഞ്ഞിട്ടുണ്ട്,അന്യപുരുഷനും സ്ത്രീയും ഒരു വീട്ടിൽ ഒരുമിച്ചു കഴിയുന്നതിനെ, വാതിലുകൾ അടഞ്ഞുകിടക്കുകയും ചെയ്യുന്നു കുറവായി കാണാത്ത ജനതകളുണ്ട്. ഇത് സംസ്കാരമാണത്രെ! ഇതിന്റെ ദുഷ്ഫലങ്ങളെ തടയുന്നതിനുവേണ്ടി ഇസ്‌ലാമിന്റെ നിർമാതാവ് വഞ്ചനയ്ക്കു നിമിത്തമാകാവുന്ന അക്കാര്യം ചെയ്യുന്നതിന് അനുവാദം നല്കിയില്ല. അത്തരം അവസരത്തിൽ ഇങ്ങനെ പറഞ്ഞു: അന്യപുരുഷനും സ്ത്രീയും ഒത്തു ചേരുന്നിടത്ത് മൂന്നാമതായി ശയ്ത്വാനുമുണ്ട്. യൂറോപ്യൻകാർ തങ്ങളുടെ വിഷലിപ്തമായ അധ്യാപനത്താൽ ഇന്നു അനുഭവിച്ചുകൊണ്ടിരിക്കുന്നിന്റെ തിക്തഫലത്തിൽ ചിന്തിക്കുക. അതായത് ഇത്രമാത്രം സ്വാതന്ത്ര്യം പ്രദാനം ചെയ്യുന്ന അധ്യാപനംകൊണ്ട് അവർ അനുഭവിച്ചുകൊണ്ടിരിക്കുന്നതെന്താണെന്ന് ചിന്തിക്കുക. അവിടെ ഒരു ലജ്ജയും നാണവുമില്ല. ചിലയിടങ്ങളിൽ തിക

ശേഷം പേജ് 9 ൽ

## അഹ്മദിയ്യാ വാർത്ത

അൽഹംദുലില്ലാഹ്. സയ്യിദുനാ ഹദ്റത്ത് അമീറുൽ മുഅ്മിനീൻ അയ്യദഹുല്ലാഹുത്തആല ബിനസ്രിഹിൽ അസീസ് ദൈവകൃപയാൽ സുഖത്തിലും ക്ഷേമത്തിലുമാണ്. സഹോദരങ്ങൾ അമീറുൽമുഅ്മിനീന്റെ ആയുരാരോഗ്യത്തിനും സ്വാസ്ഥ്യത്തിനും ഉന്നതലക്ഷ്യങ്ങളിൽ വിജയവും പ്രത്യേക കാവലും ഉണ്ടാകുന്നതിനും ദുആ ചെയ്യുക. അല്ലാഹു എപ്പോഴും നമ്മുടെ പ്രിയങ്കരനായ ഇമാമിന്റെ സംരക്ഷകനും സഹായിയുമായിരിക്കട്ടെ. ആമീൻ

ക്യൂആർ കോഡ് സ്കാൻ ചെയ്യൂ... ഞങ്ങളുടെ വെബ്സൈറ്റ് സന്ദർശിക്കൂ...

## തഫ്സീറെ കബീറിന്റെ ഉദ്ധരണി.

### 'ഇല്ലാ മാ ള്വഹ്റ മിൻഹാ' യുടെ വ്യാഖ്യാനം.

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) സൂറത്തുന്നൂറിലെ 32-ാമത്തെ വചനമായ **വലാ യുബ്ദീന സീനത്തഹുന്ന ഇല്ലാ മാ ള്വഹറ മിൻഹാ** എന്നതിന് നല്കിയ വ്യാഖ്യാനത്തിൽ പറയുന്നു:

"**ഇല്ലാ മാ ള്വഹറ മിൻഹാ** എന്നതനുസരിച്ച് ഏതെങ്കിലും നിർബന്ധകാരണത്താൽ എത്രഭാഗമാണോ വെളിപ്പെടുത്തേണ്ടത് അത്രയും വെളിപ്പെടുത്താവുന്നതാണ്. ഉദാഹരണത്തിന് ഒരു കർഷകസ്ത്രീക്ക് മുഖത്ത് നിക്കാബ് ഇട്ടുകൊണ്ടു കൃഷിപ്പണിയുമായി ബന്ധപ്പെട്ട ജോലികൾ ചെയ്യാൻ കഴിയില്ല. അവർക്ക് കൈയും കണ്ണുകളും മുതൽ മൂക്കുവരെ നഗ്നമായി വെക്കുന്നത് ജോലി ചെയ്യുന്നതിന് അനുവദനീയമാണ്. എന്നാൽ, ഏതു സ്ത്രീകൾക്കാണോ ഇത്തരത്തിലുള്ള ജോലികൾ ചെയ്യേണ്ടിവരാത്തത് എന്നല്ല അവർ നടക്കാനും മറ്റും പുറത്തിറങ്ങുന്നത് അവർക്കുള്ള കൽപന മുഖം മറയ്ക്കുക എന്നാണ്. ഇല്ലാ മാ ള്വഹറ എന്നതിന്റെ അർഥം സ്വയമേവ വെളിപ്പെടുന്ന ശരീരഭാഗമൊഴികെ, ഏതെങ്കിലും നിർബന്ധമായ സാഹചര്യംകൊണ്ട് അതു മറച്ചുവെക്കാൻ കഴിയുന്നില്ല ആ നിർബന്ധാവസ്ഥ നിർമിതിയുടെ അടിസ്ഥാനത്തിലുള്ളതാണെങ്കിലും ഉദാഹരണത്തിന് പൊക്കം ഇത് സൗന്ദര്യമാണ്. അതിനെ മറയ്ക്കുക അസംഭാവ്യമാണ്. അതുകൊണ്ട് അത് പ്രകടിപ്പിക്കുന്നത് ശരീഅത്ത് വിലക്കുന്നില്ല. അല്ലെങ്കിൽ രോഗം കാരണത്താൽ, ഏതെങ്കിലും ഭാഗം ഡോക്ടറെ കാണിക്കേണ്ടിവരുന്നു, ഹദ്റത്ത് മസീഹ് മൗഊദ്(അ) എത്രത്തോളം പറഞ്ഞുവെന്നാൽ ഏതെങ്കിലും ഡോക്ടർ മുഖം മറയ്ക്കരുതെന്ന പറഞ്ഞാൽ, മറച്ചാൽ അവരുടെ ആരോഗ്യം മോശമാകുമെന്നു പറഞ്ഞാൽ, അവിടേയും ഇവിടേയുമൊക്കെ നടക്കാൻ പറഞ്ഞാൽ ആ സ്ത്രീക്ക് മുഖം നഗ്നമാക്കി നടക്കുന്നത് അനവുദനീയമാണ്. എന്നല്ല ചില ഫുഖഹാക്കളുടെ പക്കൽ ഒരു ഗർഭിണിക്ക് നല്ല ദായ കിട്ടുന്നില്ലെങ്കിൽ

ശേഷം പേജ് 12 ൽ

പ്രിന്റർ & പബ്ലിഷർ ജമീൽ അഹ്മദ് നാസിർ, ഫദ്‌ലെ ഉമർ പ്രിന്റിംഗ് പ്രസ്സ് ഖാദിയാനിൽ അച്ചടിപ്പിച്ച് ഖാദിയാനിലെ ബദർ പത്ര ഓഫീസിൽ നിന്ന് പ്രസിദ്ധീകരിച്ചത് പ്രൊപ്രൈറ്റർ നിഗ്രാൻ ബദർ ബോർഡ്, ഖാദിയാൻ

# ഖുത്വ്ബ ജുമുഅ

**2025 ഡിസംബർ 19, 1404 ഫത്ഹ് 19 മസ്ജിദ് മുബാറക് ഇസ്‌ലാമാബാദ്. യു.കെ**

**'ഏതൊരു മനുഷ്യനാണോ തന്റെ വ്യക്തിത്വം കൊണ്ടും സത്ഗുണങ്ങൾ കൊണ്ടും പ്രവർത്തികൾ കൊണ്ടും കർമങ്ങൾകൊണ്ടും ആത്മീയവും പരിശുദ്ധവുമായ കഴിവുകളുടെ പ്രബലമായ പ്രവാഹം കൊണ്ടും അറിവിലും പ്രവൃത്തിയിലും സത്യസന്ധതയിലും സ്ഥൈര്യത്തിലും ഒരു സമ്പൂർണ്ണ മാതൃക (Model of perfection) കാണിച്ച് 'ഇൻസാനെ കാമിൽ' (സമ്പൂർണ്ണ മനുഷ്യൻ) എന്ന് വിളിക്കപ്പെട്ടത്; ആ അനുഗൃഹീത പ്രവാചകൻ, ഖാതമുൽ അമ്പിയാ, ഇമാമുൽ അസ്ഫിയാ, ഖത്തമുൽ മുർസലീനും, ഫഖ്റുൽ മുർസലീനുമായ ജനാബ് മുഹമ്മദു മുസ്തഫാﷺആകുന്നു. ഓ ദൈവമേ! പ്രിയപ്പെട്ട ദൈവമേ! ലോകാരംഭം മുതൽ നീ ആർക്കും നൽകാത്ത വിധത്തിലുള്ള കാരുണ്യവും അനുഗ്രഹങ്ങളും(ദുറൂദ്) ആ പ്രിയപ്പെട്ട പ്രവാചകന്റെമേൽ ചൊരിയേണമേ."**

**(ഹദ്റത്ത് മസീഹ് മൗഊദ്ؑ,അത്മാമുൽ ഹുജ്ജ റൂഹാനീ ഖസാഇൻ വാല്യം 8, പേജ് 308)**

**മാതൃക ഉണ്ടാക്കുന്നവർ ഏതെങ്കിലും കാര്യത്തിന്റെ ഉന്നതസ്ഥാനത്തുള്ളവരായിരിക്കും. നബിﷺ തിരുമേനിയുടെ ബന്ധത്തെ സംബന്ധിച്ചിടത്തോളം, ഇവിടെ അല്ലാഹുവിനോടുള്ള കടമ നിറവേറ്റുന്നതിന് സംബന്ധിച്ചാണെങ്കിലും മനുഷ്യരോടുള്ള കടമ നിറവേറ്റുന്നതിന് സംബന്ധിച്ചാണെങ്കിലും അവിടന്ന് ഈ രണ്ടിലും ഉന്നതസ്ഥാനം അലങ്കരിച്ചിരുന്നു. ഇതിന് അല്ലാഹു സാക്ഷി പറഞ്ഞു. അതുകൊണ്ട് അല്ലാഹു നമ്മളോടു പറഞ്ഞു: ഈ റസൂൽ നിങ്ങൾക്കു മാതൃകയാണ്. അദ്ദേഹത്തിന്റെ കാര്യംമാത്രം കേൾക്കാതെ അതനുസരിച്ച് പ്രവർത്തിക്കുകയും ചെയ്യുക. വിശ്വസിക്കൽ മാത്രം മതിയായതല്ല. നിങ്ങളതനുസരിച്ച് പ്രവർത്തിക്കമ്പോൾ തീർച്ചയായും ഞാനേതൊരു കാര്യത്തിനുവേണ്ടിയാണോ റസൂലിനെ അയച്ചത് ആസ്ഥാനവും നിങ്ങൾ കരസ്ഥമാക്കുന്നതായിരിക്കും.**

**നബിﷺതിരുമേനി നമുക്ക് ഉത്തമ മാതൃകയാണെന്ന് അല്ലാഹുതന്നെ പറഞ്ഞതാണ്. അതുകൊണ്ട് അവിടത്തെ ജീവിതത്തെ നമുക്കുവേണ്ടി നമ്മുടെ സ്ഥാനമാക്കേണ്ടതാണ്. നമ്മൾ നബിﷺതിരുമേനിയുടെ എല്ലാ കാര്യവുമനുസരിച്ച് പ്രവർത്തിക്കേണ്ടതാണ്. അവിടത്തെ എല്ലാ കാര്യവും ഖുർആനിക കൽപ്പനകളിൽ അധിഷ്ഠിതമാണ്. അല്ലാഹുവിൽനിന്നുള്ളതാണ്.**

**അവിടന്ന് അല്ലാഹുവിനോടുള്ള കടമ അതായത് ആരാധനയുടെ അവകാശം ഒരിക്കലും മറന്നില്ല. ഇതു വളരെ വലുതും പ്രധാനപ്പെട്ടതുമായ കാര്യമാണ്. ഇതിന്നിടയിൽ നബിﷺതിരുമേനിക്ക് ബുദ്ധിമുട്ടുകളുമുണ്ടായി. യുദ്ധത്തിനും പോകേണ്ടിവന്നു. ശത്രുക്കൾ ആക്രമണവും നടത്തി. പക്ഷേ, അല്ലാഹുവിനെ ആരാധിക്കുക എന്ന കടമ നിറവേറ്റുന്നതിൽ അവിടന്ന് ഒരു കുറവും വരുത്തിയില്ല.**

**അവിടന്ന് പറഞ്ഞു:പ്രകൃതിപരമായ കഴിവുകളുടെ ശരിയായ ഉപയോഗത്തിന്റെ പേരാണ് അഖ്‌ലാഖെ ഫാളില അതായത് ശ്രേഷ്ഠമായ സ്വഭാവങ്ങൾ. പ്രകൃതിപരമായ കഴിവുകളെ നശിപ്പിക്കുന്നത് വിഡ്ഢിത്തമാണ്. അവയെ അനുവദനീയമല്ലാത്ത പ്രവൃത്തികളിലാക്കുന്നത് ദുർനടപടിയാണ്. അതിന്റെ യഥാർഥവും ശരിയായ നിലയിലുള്ളതുമായ ഉപയോഗം നന്മയാണ്. ഇത് നബിﷺതിരുമേനിയുടെ അധ്യാപനത്തിന്റെ സംഗ്രഹമാണ്. നബിﷺതിരുമേനിയുടെ സ്വന്തം ജീവിതത്തിന്റെചുരുക്കമാണ്. നിങ്ങൾ മാതൃകയെന്നനിലയിൽ അത് സ്വായത്തമാക്കാൻ അതുകൊണ്ടാണ് അല്ലാഹു നമ്മളോടു കൽപ്പിച്ചത്**

**നബിﷺതിരുമേനിയുടെ ജീവിതത്തിൽ ഒരിക്കലും ഇങ്ങനെയൊരു അവസരമുണ്ടായിട്ടില്ല,അതായത് നബിﷺതിരുമേനിയുടെ മുമ്പിൽരണ്ടു വഴികൾ തുറക്കുകയും അവിടന്ന് അതിൽ എളുപ്പമായത് സ്വീകരിക്കാതിരിക്കുകയും ചെയ്തതായി കാണുകയില്ല; പാപത്തിന്റെ ലവലേശം സംശയം തോന്നിയാലൊഴികെ.**

**നബിﷺതിരുമേനിക്ക് അല്ലാഹു രാജത്വം പ്രദാനം ചെയ്തപ്പോഴും അവിടന്ന് എല്ലാവരുടേയും കാര്യങ്ങൾ കേട്ടിരുന്നു. ആരെങ്കിലും ഉപദ്രവിച്ചാലും അവിടന്ന് നിശബ്ദനാകുമായിരുന്നു. ഒരിക്കലുംഉപദ്രവത്തിന് മറുപടി ഉപദ്രവംകൊണ്ട് നല്കിയിരുന്നില്ല.**

**സഹിഷ്ണുതയുടെ അവസ്ഥ എന്തായിരുന്നുവെന്നാൽ ചിലപ്പോൾ അവിടന്ന് എന്തെങ്കിലും ജോലിക്കായി പുറത്തിറങ്ങും, ചിലയാളുകൾ വഴിയിൽ തടസമായി നിൽക്കും. തങ്ങളുടെ ആവശ്യങ്ങൾ വിവരിക്കാൻ തുടങ്ങും. അവർ സംസാരം നിറുത്തുന്നതുവരെ അവിടന്ന് അവിടെ നിൽക്കുമായിരുന്നു. പിന്നീട് അവിടന്ന് മുമ്പോട്ടു പോകുമായിരുന്നു.**

**ആരാധനകളുടേയും ഉൽകൃഷ്ട സ്വഭാവങ്ങളുടേയും പശ്ചാത്തലത്തിൽ നബിﷺചരിതത്തിന്റെ പരിശുദ്ധവും ഹൃദയഹാരിയുമായ ചർച്ച.**

**ആദരണീയനായ ലഊഖ് അഹ്മദ് ത്വാഹിർ സാഹിബ് (മുറബ്ബിയെ സിൽസില യു.കെ), ബഹുമാന്യ സീഗ ജാലൂ സാഹിബ് (നായിബ് സ്വദ്ർ റീജ്യൺ സീഗോ-മാലി) എന്നിവരെ കുറിച്ചുള്ള അനുസ്മരണവും അവരുടെ ജനാസ നമസ്കാരവും(ഹാളിറും ഗാഇബും).**

**ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്**
**ایدہ اللہ تعالیٰ بنصرہ العزیز**

اَشْهَدُ اَنْ لَّا اِلٰهَ اِلَّا اللّٰهُ وَحْدَهٗ لَا شَرِيْكَ لَهٗ وَاَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ

اَمَّا بَعْدُ فَاَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ ○ بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ ○

اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ ○ الرَّحْمٰنِ الرَّحِيْمِ ○ مٰلِكِ يَوْمِ الدِّيْنِ ○ اِيَّاكَ نَعْبُدُ وَاِيَّاكَ نَسْتَعِيْنُ ○

اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ ○ صِرَاطَ الَّذِيْنَ اَنْعَمْتَ عَلَيْهِمْ ۙ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ ○

അല്ലാഹു പറയുന്നു: **ലഖദ് കാന ലക്കും ഫീ റസൂലില്ലാഹി ഉസ്‌വത്തുൻ ഹസനത്തുൻ ല്ലിമൻകാന യർജുല്ലാഹ വൽ യൗമിൽ ആഖിറ വ ദകറല്ലാഹു കഥീറൻ** (33:22). നിങ്ങൾക്ക് അല്ലാഹുവിന്റെ ദൂതനിൽ തീർച്ചയായും ഒരു ഉത്തമമാതൃകയുണ്ട്. അതായത് അല്ലാഹുവിനേയും അന്ത്യ നാളിനേയും ഭയപ്പെടുകയുംഅല്ലാഹുവിനെ അധികമായി സ്മരിക്കുകയും ചെയ്യുന്നവർക്ക്.

ഹദ്റത്ത് ആഇശؓയോടു ആരോ ചോദിച്ചു: 'നബിﷺതിരുമേനിയുടെ ഉന്നതമായ സ്വഭാവത്തേയും അവിടത്തെ മാതൃകയേയും കുറിച്ച് എന്തെങ്കിലും പറഞ്ഞു തന്നാലും.' അപ്പോൾ ഹദ്റത്ത് ആഇശؓ മറുപടി പറഞ്ഞു:താങ്കൾ വിശുദ്ധ ഖുർആൻ പാരായണം ചെയ്തിട്ടില്ലേ? അതിൽ അല്ലാഹു തന്നെ നബിതിരുമേനിയുടെ മാതൃകയെ കുറിച്ച് സാക്ഷ്യം നൽകിയിരിക്കുന്നു. അല്ലാഹു പറയുന്നു: **വ ഇന്നക്ക ലഅലാ ഖുലുഖിൻ അളീമിൻ**(അൽഖലം 68:5).അതായത്

റസൂലേ!നീ മഹത്തായ ധാർമിക ഗുണങ്ങളുള്ളവൻ തന്നെയാണ്. *(മുസ്നദ് അഹ്മദ് ബിൻ ഹമ്പൽ വാള്യം 8, പേജ് 144-145, മുസ്നദ് ആഇശ-ﷺആലമുൽകുതുബ് ബെയ്റൂത്ത്)*

മാതൃക ഉണ്ടാക്കുന്നവർ ഏതെങ്കിലും കാര്യത്തിന്റെ ഉന്നതസ്ഥാനത്തുള്ളവരായിരിക്കും. നബിﷺതിരുമേനിയുടെ ബന്ധത്തെ സംബന്ധിച്ചിടത്തോളം, ഇവിടെ അല്ലാഹുവിനോടുള്ള കടമ നിറവേറ്റുന്നതിനെ സംബന്ധിച്ചാണെങ്കിലും മനുഷ്യരോടുള്ള കടമ നിറവേറ്റുന്നതിനെ സംബന്ധിച്ചാണെങ്കിലും അവിടന്ന് ഈ രണ്ടിലും ഉന്നതസ്ഥാനം അലങ്കരിച്ചിരുന്നു. ഇതിന് അല്ലാഹു സാക്ഷി പറഞ്ഞു. അതുകൊണ്ട് അല്ലാഹു നമ്മളോടു പറഞ്ഞു: ഈ റസൂൽ നിങ്ങൾക്കു മാതൃകയാണ്. അദ്ദേഹം പറയുന്ന കാര്യംമാത്രം കേൾക്കാതെ അതനുസരിച്ച് പ്രവർത്തിക്കുകയും ചെയ്യുക. വിശ്വസിക്കൽ മാത്രം മതിയായതല്ല. നിങ്ങളതനുസരിച്ച് പ്രവർത്തിക്കുമ്പോൾ തീർച്ചയായും ഞാനേതൊരു കാര്യത്തിനുവേണ്ടിയാണോ റസൂലിനെ അയച്ചത് ആ സ്ഥാനവും നിങ്ങൾ കരസ്ഥമാക്കുന്നതായിരിക്കും.

അതുകൊണ്ട് ഈ ചുമതലയാണ് എല്ലാ മുസ്‌ലിമീങ്ങളുടേയും; മുഅ്മിനീങ്ങളുടേയും. ലോകത്ത് ജനങ്ങൾ എങ്ങനെയാണെന്നാൽ കുറച്ചു നല്ലകാര്യങ്ങൾ അവർ ചെയ്യുന്നു. അല്ലെങ്കിൽ പ്രസിദ്ധമാകാൻ കഴിയുന്ന കുറച്ചു ജോലികൾ ചെയ്യുന്നു. അങ്ങനെ അവരുടെ നാമം വളരെ ശോഭിക്കുന്നു. വലിയ പാരിതോഷികവും അവർക്ക് മൂലംമൂറവും നല്കപ്പെടുന്നു. ചിലർക്ക് നോബൽ പുരസ്കാരം ലഭിക്കുന്നു. ചിലർക്ക് മറ്റെന്തെങ്കിലും സമ്മാനം ലഭിക്കുന്നു. പക്ഷേ, ഈ സമ്മാനം അതിനുവേണ്ടി നിശ്ചയിക്കപ്പെട്ട ഏതെങ്കിലും സംഘടനയുടേയോ ഭരണകൂടത്തിന്റേയോ ഭാഗത്തുനിന്നാണുണ്ടാകുന്നത്. എന്നാൽ, മുഴുവൻ സമൂഹവും ഐകണ്ഠ്യേന എടുത്ത തീരുമാനം ആയിരിക്കുകയില്ല അത്.

യഥാർഥസമ്മാനം നബിﷺതിരുമേനിക്ക് നുബുവ്വത്തിനുമുമ്പേ യുവത്വത്തിൽത്തന്നെ ആളുകൾ സത്യസന്ധനെന്നും വിശ്വസ്തനെന്നും പറഞ്ഞു നല്കിയതായിരുന്നു.*(അസ്സീറത്തുന്നബ്‌വിയ്യ ലിഇബ്നി ഹിശാം പേജ് 155, ഹദീഥ് ബുൻയാനുൽ കഅ്ബത്തി........ദാറുൽകുതുബൽ ഇൽമിയ്യ ബെയ്റൂത്ത്) (സ്വഹീഹുൽ ബുഖാരി കിതാബുത്തഫ്സീർ, തഫ്സീർ സൂറ (തബ്ബത്ത് യദാ അബീലഹബിൻ), ഹദീഥ് 4972)*

അതായത് അദ്ദേഹത്തിന് സമ്മാനത്തിന്റെ ആവശ്യമില്ലായിരുന്നു. പക്ഷേ, ജനങ്ങളുടെ ദൃഷ്ടിയിൽ ആർക്കും മത്സരിച്ചെത്താൻ കഴിയാത്ത സ്ഥാനത്ത് ആ മഹാത്മാവ് എത്തിയിരുന്നു. മുഴുവൻ ജനതയും അദ്ദേഹത്തിന് ഈ സ്ഥാനം നല്കിയിരുന്നു. അതിനാൽ, ഈ സ്ഥാനമാണ് നബിﷺതിരുമേനിയുടേത്. നബിﷺതിരുമേനി തന്നെയും പറഞ്ഞു:"നിങ്ങൾ എന്റെ സുന്നത്തിനെ പിൻപറ്റുക. എന്റെ കർമങ്ങളിലൂടെ നടക്കുക."*(സുനൻ അബൂദാവൂദ് കിതാബുസ്സുന്ന ഹദീഥ് 4607)*

കാരണം എന്നെ അല്ലാഹു നിങ്ങളുടെ പരിഷ്കരണത്തിനുവേണ്ടി അയച്ചിരിക്കുന്നു. നബിﷺതിരുമേനി പറയുന്നു: 'ഉൽകൃഷ്ട സ്വഭാവത്തിന്റെ സമ്പൂർത്തീകരണത്തിനുവേണ്ടി ഞാൻ അയക്കപ്പെട്ടിരിക്കുന്നു.' *(അസ്സുനനുൽ കുബ്റാ ഭാഗം 10, പേജ് 318, കിതാബുശ്ശഹാദാത്ത്, ഹദീഥ് 21379, മക്തബ അർറുശ്ദ് -അർരിയാള്)*

അതിനാൽ, സ്വഭാവങ്ങളുടെ പൂർത്തികരണം നടത്തുന്നത് ഈ എല്ലാ സ്വഭാവങ്ങളും വഹിക്കുന്ന യാളായിരിക്കും. അദ്ദേഹത്തിൽ മുഴുവൻ സ്വിഫത്തുകളും അഥവാ സവിശേഷ ഗുണങ്ങളുമുണ്ടായിരിക്കും.

ഞാൻ പറഞ്ഞതുപോലെ നബിﷺതിരുമേനി നമുക്ക് ഉത്തമ മാതൃകയാണെന്ന് അല്ലാഹുതന്നെ പറഞ്ഞതാണ്. അതുകൊണ്ട് നമുക്ക് അവിടത്തെ ജീവിതത്തിന്, നമുക്കുവേണ്ടി ആ സ്ഥാനം നല്കേണ്ടതാണ്. അതായത് നമ്മൾ ആ മഹാത്മാവിന്റെ എല്ലാ കാര്യങ്ങളുമനുസരിച്ച് പ്രവർത്തിക്കണം. നബിﷺതിരുമേനിയുടെ എല്ലാ കാര്യങ്ങളും വിശുദ്ധ ഖുർആനിന്റെ കല്പ്പനകളിൽ അധിഷ്ഠിതമാണ്. അല്ലാഹുവിൽ നിന്നുള്ളതാണ്. അതുകൊണ്ട് ഏതെങ്കിലും മനുഷ്യനിൽ സാധ്യമാകുന്ന അല്ലെങ്കിൽ സാധ്യമാകേണ്ട, അല്ലാഹുവിന്റെ സ്വിഫത്തുകളുടെഅഥവാ ഉൽകൃഷ്ട സ്വഭാവങ്ങളുടെ യഥാർഥ മാതൃക നബിﷺതിരുമേനിയാണ്.

ഹദ്റത്ത് ഖലീഫത്തുൽമസീഹ് ഥാനിയുംﷺ'ദീബാച്ച തഫ്സീറുൽ ഖുർആൻ'എന്ന ഗ്രന്ഥത്തിൽ നബിതിരുമേനിയുടെ ഉത്കൃഷ്ട സ്വഭാവങ്ങളെ സംബന്ധിച്ച് ചിലകാര്യങ്ങൾ സമർപിച്ചിട്ടുണ്ട്. നമ്മുടെ ചരിത്ര ഗ്രന്ഥങ്ങളിലും അതുണ്ട്. അത് ഞാനിന്ന് ചുരുക്കി വിവരിക്കുന്നതാണ്. ഭാവിയിൽ അവസരം കിട്ടുമ്പോൾ അതിന്റെ വിശദീകരണവും നല്കുന്നതായിരിക്കും.

ആദ്യത്തെ കാര്യം അല്ലാഹുവിന്റെ അവകാശമാണ്. അതായത് അല്ലാഹുവിനുള്ള ആരാധനയുടെ അവകാശം. അതിൽ നമുക്ക് നബിﷺതിരുമേനിയുടെ ഏതു മാതൃകയാണ് കാണാൻ കഴിയുന്നത്. വളരെ വലിയ ഉത്തരവാദിത്വങ്ങളുണ്ടായിരുന്നിട്ടും നബിﷺതിരുമേനിയുടെ മുഴുവൻ ജീവിതവും ദൈവപ്രേമത്തിൽ ലയിച്ചു കിടന്നിരുന്നതായി നമ്മൾ കാണുന്നു. പുതിയ ശരീഅത്ത് (ദൈവനിയമങ്ങൾ) നടപ്പിൽ വരുത്തണമായിരുന്നു, ആളുകൾക്ക് തർബിയ്യത്ത് അഥവാ സുശിക്ഷണം നല്കണമായിരുന്നു.ഹദ്റത്ത് മസീഹ് മൗഊദ്ﷺപറഞ്ഞതുപോലെ 'അജ്ഞരെ മനുഷ്യരാക്കി, വിദ്യാസന്നരായ മനുഷ്യരാക്കി, ദൈവോന്മുഖരായ മനുഷ്യരാക്കി.'*(ലക്ച്ചർ സിയാൽക്കോട്ട്, റൂഹാനീ ഖസാഇൻവാള്യം 20, പേജ് 206)*

ഇതു വളരെ വലിയ ജോലിയായിരുന്നു. പക്ഷേ, നബിﷺതിരുമേനിയുടെ കടമ,'ആരാധനയോടുള്ള കടമ'യായിരുന്നു-അതൊരിക്കലും മറന്നില്ല. ഇതു വളരെ വലുതും പ്രധാനപ്പെട്ടതുമായ കാര്യമായിരുന്നു. ഇതിന്നിടയിൽ നബിﷺതിരുമേനിക്ക് ബുദ്ധിമുട്ടുകളുമുണ്ടായി. യുദ്ധങ്ങൾക്കും പോകേണ്ടിവന്നു. ശത്രുക്കൾ ആക്രമണവും നടത്തി. പക്ഷേ, അല്ലഹുവിനോടുള്ള ആരാധനയുടെ കടമനിറവേറ്റുന്നതിൽ ഒരിക്കലും അവിടന്ന് ഒരു കുറവും വരുത്തിയില്ല.

ഈ മാതൃക നമ്മുടെ മുമ്പിലുമുണ്ട്. നമ്മൾ എല്ലാ അവസ്ഥയിലും അല്ലാഹുവിനെ മുമ്പിൽ വെക്കുക. അല്ലാഹുവിനെ മുമ്പിൽ വെക്കുമ്പോൾ നമ്മുടെ വിവിധ പ്രശ്നങ്ങളും സ്വയമേവ പരിഹരിക്കപ്പെട്ടുകൊണ്ട് പോകുന്നതായിരിക്കും. നമ്മുടെ ഈ പ്രശ്നങ്ങളുണ്ടല്ലോ ആ പ്രശ്നങ്ങളുണ്ടല്ലോ എന്ന് ആളുകൾ ചോദിക്കാറുണ്ട്. പറയുന്നു, ഞങ്ങൾ ഇങ്ങനെ ദുആ ചെയ്തു അങ്ങനെ ദുആ ചെയ്തു. ഞങ്ങളുടെ പ്രശ്നങ്ങൾ പരിഹരിക്കപ്പെടുന്നതിനു ദുആ ചെയ്യുന്നുണ്ട്. പക്ഷേ, ഞങ്ങൾ അല്ലാഹുവിനോടുള്ള കടമ നിറവേറ്റുന്നില്ല. അതുകൊണ്ട് മനുഷ്യൻ അവഗണിക്കപ്പെടുന്നു. അല്ലാഹു പറയുന്നു, എന്നോടുള്ള കടമയും നിറവേറ്റുക. നബിﷺതിരുമേനിയുടെ ആരാധനകളുടെ നിലവാരമെന്തായിരുന്നു?

അവിടന്ന് അർദ്ധരാത്രി കഴിയുമ്പോൾ അല്ലാഹുവിനെ ആരാധിക്കുന്നതിനുവേണ്ടി എഴുന്നേറ്റ് നിൽക്കുമായിരുന്നു. അതിന് അല്ലാഹുവും സാക്ഷി പറഞ്ഞു. ഹദ്റത്ത് ആഇശﷺവിവരിക്കുന്നു. ഞാൻ നബിﷺതിരുമേനി ആരാധനയ്ക്കായി നിൽക്കുന്ന നേരത്ത് നബിയോടുപറഞ്ഞു: 'യാ റസൂലല്ലാഹ്! അങ്ങ് ആദ്യമെതന്നെ അല്ലാഹുവിന്റെ അടുത്തുള്ളയാളാണ്. അപ്പോൾപ്പിന്നെ അങ്ങ് എന്തിനാണ് അങ്ങയുടെ നഫ്സിനെ ഇത്രമാത്രം വിഷമത്തിൽ അകപ്പെടുത്തുന്നത്? രാത്രിയുടെ സിംഹഭാഗവും ആരാധനയിൽ കഴിക്കുന്നത്? അല്ലാഹുവിന്റെ സന്നിധിയിൽ താഴ്മയോടെ യാചിക്കുന്നത്?' അപ്പോൾ നബിﷺതിരുമേനി പറഞ്ഞു:

**ആഇശാ അഫലാ അകൂന അബ്ദൻ ശകൂറാ** 'ഞാൻ അല്ലാഹുവിന് ശുക്ർ ചെയ്യുന്ന ദാസനാവണ്ടേ?' (ദീബാച്ച തഫ്സീറുൽ ഖുർആൻ അൻവാറുൽ ഉലൂം വാള്യം 20 പേജ് 382)

ഞാൻ അല്ലാഹുവിന് സമീപസ്ഥനാണെന്നത് സത്യമായ കാര്യമാണ്. അല്ലാഹു തന്റെ അനുഗ്രഹം ചെയ്ത് എനിക്ക് ഈ സാമീപ്യം പ്രദാനം ചെയ്തതാണ്. അപ്പോൾ ചെയ്യാവുന്നിടത്തോളം നന്ദികാണിക്കേണ്ടത് എന്റെ നിർബന്ധ കടമയല്ലേ? എന്തായാലും ഔദാര്യത്തിന് സമാനമായാണ് നന്ദി ഉണ്ടാകാറുള്ളത്.

അല്ലാഹു നബിﷺതിരുമേനിയുടെമേൽ ചെയ്ത അനുഗ്രഹം അതായത് നബിതിരുമേനിയെ ശരീഅത്തുവാഹിയായ അവസാന പ്രവാചകനാക്കി. ശരീഅത്ത് സമ്പൂർണമാക്കി. അപ്പോഴാണ് നബിﷺതിരുമേനി ഇക്കാര്യം പറഞ്ഞത്; ഞാൻ നന്ദി കാണിക്കണ്ടെ! തന്റെ അവസ്ഥയനുസരിച്ച് എല്ലാ മനുഷ്യർക്കും അല്ലാഹു ധാരാളം ഫള്ൽ അഥവാ അനുഗ്രഹം ചെയ്തിട്ടുണ്ട്. അതിനുള്ള നന്ദിയാണ് നമ്മൾ നമ്മുടെ ആരാധനകളുടെ നിലവാരം ഉയർത്തുകയെന്നത്. ആളുകൾ ചോദിക്കാറുണ്ട്, യുവാക്കളും വന്ന് ചോദിക്കുന്നു, ഞങ്ങൾ അല്ലാഹുവിനെ ആരാധിക്കേണ്ടത് എങ്ങനെയാണെന്ന്? അല്ലാഹുവിന് നമ്മുടെ ആരാധനയുടെ ആവശ്യമെന്താണെന്ന്? ഈ ചോദ്യവും ഉയർന്നുകൊണ്ടിരിക്കുന്നുണ്ട്. ഇക്കാലത്ത് ദുൻയാവിൽ ആകർഷിതരായി കുട്ടികളും ഈ ചോദ്യം ചോദിച്ചുകൊണ്ടിരിക്കുന്നു. അതിനുള്ള മറുപടി ഇതാണ്, അല്ലാഹുവിന് നിങ്ങളുടെ ആരാധനകളുടെ ആവശ്യമില്ല. പക്ഷേ, അല്ലാഹുവിന്റെ നിങ്ങളിലുള്ള ആത്മീയപരവും ഭൗതികപരവുമായ ഔദാര്യങ്ങൾ, അവന്റെ ഔദാര്യങ്ങൾക്ക് നന്ദി കാണിക്കണമെന്നും നന്ദിയുള്ളവനാകണമെന്നും ആവശ്യപ്പെടുന്നില്ലേ?

ഇപ്രകാരംതന്നെ നബിതിരുമേനിയുടെ ചരിത്രത്തിൽ ഈ സംഭവവും ലഭിക്കുന്നുണ്ട്. അതായത് അവിടന്ന് അല്ലഹുവിന്റെ വചനം കേൾക്കുമ്പോൾ അനിയന്ത്രിതമായി ആ മഹാത്മാവിന്റെ നയനങ്ങളിൽകണ്ണീർ വരുമായിരുന്നു. പ്രത്യേകിച്ചും തന്റെ ഉത്തരവാദിത്വത്തിലേക്ക് ശ്രദ്ധ ചെലത്തേണ്ട വചനങ്ങൾ.

ഒരു നിവേദനത്തിൽ വരുന്നു, ഒരു ദിവസം നബിﷺതിരുമേനി ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ മസ്ഊദിനോടു പറഞ്ഞു:ഖുർആനോതി എന്നെ കേൾപ്പിക്കുക. അദ്ദേഹം പറയുന്നു:ഞാൻ പറഞ്ഞു: 'യാ റസൂലല്ലാഹ്!വിശുദ്ധ ഖുർആൻ അങ്ങയ്ക്കിറങ്ങിയതാണല്ലോ. ഞാൻ അങ്ങയെ എന്തു കേൾപ്പിക്കാനാണ്?' അവിടന്ന് പറഞ്ഞു:'മറ്റുള്ളവരെക്കൊണ്ടു ഓതിപ്പിച്ചു കേൾക്കുന്നത് ഞാനിഷ്ടപ്പെടുന്നു.'ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ മസ്ഊദ്رضപറയുന്നു: അപ്പോൾ ഞാൻ സൂറത്ത് നിസാഅ് ഓതിക്കേൾപ്പിച്ചു.അങ്ങനെ ഞാനോതിയോതി **ഫകയ്ഫ ഇദാ ജിഅ്നാ മിൻകുല്ലി ഉമ്മത്തിൻ ബി ശഹീദിൻ വ്വജിഅ്നാ ബിക്ക അലാ ഹാ ഉലാഇ ശഹീദൻ** (4:42)അതായത് എന്നാൽ, നാം ഓരോ സമുദായത്തിൽനിന്നും ഓരോ സാക്ഷിയെ കൊണ്ടുവരികയും ഇവർക്കു സാക്ഷിയായി നാം നിന്നെ കൊണ്ടുവരികയും ചെയ്യുമ്പോൾ (ഇവരുടെ) സ്ഥിതി എന്തായിരിക്കും? നിന്നേയും നിന്റെ ജനതയുടെ മുമ്പിൽ നിറുത്തി അവരുടെ കണക്കെടുക്കുന്നതാണ്. അപ്പോൾ നബിﷺതിരുമേനി പറഞ്ഞു:മതിയാക്കൂ! മതിയാക്കൂ!സ്വഹാബിرض പറയുന്നു:'ഞാൻ നബിﷺതിരുമേനിയെ നോക്കി. അപ്പോൾ അവിടത്തെ ഇരുകണ്ണുകളിൽനിന്നും കണ്ണീർ ഇറ്റിറ്റു വീഴുന്നുണ്ടായിരുന്നു.' എത്രമാത്രം ഭയമാണ് നബിﷺതിരുമേനിയിലുണ്ടായതെന്നാൽ ആ നേരത്ത് നബിﷺതിരുമേനിക്ക് അവിടത്തെ സമുദായത്തെ കുറിച്ചും ഓർമ വന്നിട്ടുണ്ടാകും. തന്റെ ജനത അല്ലാഹുവിന് വെറുപ്പുണ്ടാക്കുന്ന അത്തരം പ്രവൃത്തികളാകാതിരിക്കാൻ! പിന്നീട് ഞാൻ അവർക്കെതിരിൽ സാക്ഷി പറയുന്ന അവസരമുണ്ടാകാതിരിക്കാൻ! ഇതിന് ഒരുവശം ഇങ്ങനെയുമുണ്ട്; എവിടെയാണോ നബിﷺതിരുമേനിയുടെ സാക്ഷ്യത്തിനുവേണ്ടി മറ്റൊരു പാടു കാര്യങ്ങളുള്ളപ്പോൾ അവിടെ നബിﷺതിരുമേനിയുടെ സാക്ഷ്യം നമുക്കെതിരിൽ ആകാനിടവരരുതെന്നോർത്ത് നമ്മൾ ഭയപ്പെടേണ്ടതാണ്.'

നമ്മുടെ യാഥാർഥ്യം നമ്മുടെ പാപങ്ങളെ പ്രകടമാക്കുന്നതാകരുത്. നമ്മൾ അല്ലാഹുവിന്റെ ശിക്ഷയ്ക്കിരയാകുകയുമരുത്. ഇതു വളരെ ഭയപ്പെടേണ്ട സ്ഥാനമാണ്. നമ്മളും ആ ഇബാദത്തിനോടുള്ള കടമ നിർവഹിക്കേണ്ടതാണ്. നബിﷺതിരുമേനി നമ്മളോടുപദേശിച്ച ആ സ്നേഹം അല്ലാഹുവിനോടു കാണിക്കേണ്ടതാണ്. വിശുദ്ധഖുർആനിൽ അതു നിറവേറ്റാൻ അല്ലാഹു നമ്മളോടു കല്പ്പിച്ചിരിക്കുന്നു.

നമസ്കാരത്തിന്റെ കാര്യത്തിൽ നബിﷺതിരുമേനിക്ക് വലിയനിഷ്ഠയുണ്ടായിരുന്നു. കഠിനമായ രോഗാവസ്ഥയിൽപ്പോലും, ഇരുന്നു നമസ്കരിക്കാൻ അനുവാദമുണ്ടായിട്ടും, അവിടന്ന് മറ്റുള്ളവരുടെ സഹായത്തോടെ മസ്ജിദിൽ പോകുമായിരുന്നു. ചരിത്രത്തിൽ കാണാം, അവിടത്തെ ജീവിതത്തിന്റെ അവസാന നാളുകളിൽ ഒരു ദിവസം മസ്ജിദിൽ വരാൻ കഴിയാത്തപ്പോൾ ഹദ്റത്ത്അബൂബക്ർرضനോടു നമസ്കാരത്തിന് നേതൃത്വം നൽകാൻ കൽപ്പിച്ചു. എന്നാൽ, അൽപസമയത്തിനു ശേഷം തന്റെ ആരോഗ്യത്തിൽ അല്പം ആശ്വാസം തോന്നിയപ്പോൾ ഉടൻതന്നെ രണ്ടുപേരുടെ തോളിൽ പിടിച്ച്മസ്ജിദിലേക്ക് പുറപ്പെട്ടു. ഹദ്റത്ത് ആഇശرضപറയുന്നു: 'ആ അവസ്ഥയിൽ അവിടത്തെ രണ്ടുകാലും മണ്ണിൽ ഇഴയുന്നുണ്ടായിരുന്നു.' *(ദീബാച്ച തഫ്സീറുൽ ഖുർആൻ അൻവാറുൽ ഉലൂം വാള്യം 20 പേജ് 383)*

പക്ഷേ, ജമാഅത്തായ നമസ്കാരത്തിന്റെ പ്രാധാന്യം ഉമ്മത്തിന് കാണിച്ചുകൊടുക്കാൻ വേണ്ടി ആ വേദന അവിടന്ന് സഹിക്കുകയായിരുന്നു. വളരെ പ്രയാസപ്പെട്ടാണെങ്കിലും അവിടെയെത്തി. രോഗം ഗൗനിക്കാതെ നബിﷺതിരുമേനി മസ്ജിദിലെത്തുകയാണ് ചെയ്ത്. ഇതാണ് അല്ലാഹുവിനോടു നബിﷺതിരുമേനിക്കുണ്ടായിരുന്ന സ്നേഹം. ഈ അവസ്ഥയിൽ ജനങ്ങളുടെ ശിക്ഷണ കാര്യത്തിൽ നബിﷺതിരുമേനി കാണിച്ച ശുഷ്കാന്തി ശ്രദ്ധേയമാണ്. അതിലൊന്ന്, നമസ്കാരനിഷ്ഠയിലുള്ള ശ്രദ്ധയാണ്. മാത്രമല്ല ദൈവികമഹത്ത്വവും ദൈവത്തിന്റെ സ്ഥാനവും ജനങ്ങളെ എങ്ങനെ ബോധ്യപ്പെടുത്തി, എങ്ങനെ ശിക്ഷണം നല്കി എന്നതും ശ്രദ്ധേയമാണ്. ശ്രദ്ധക്ഷണിക്കാൻ കൈകൊള്ളുന്നരീതി അറബികൾക്കിടയിൽ പതിവായിരുന്നു. അക്കാലത്ത് ഇത് വളരെ പ്രചരിച്ചിരുന്നു. എന്നാൽ, ഈ രീതി അവിടന്ന് നിറുത്തലാക്കി. പകരം 'ദിക്ർ അഥവാ ദൈവസ്മരണ വേണമെന്ന് പഠിപ്പിച്ചു.

ഇതുസംബന്ധമായി എഴുതിയിരിക്കുന്നു:'ഒരിക്കൽ നബിﷺതിരുമേനി ഒരു ജോലിയിൽ ഏർപ്പെട്ടിരിക്കെ നമസ്കാര സമയമായി. അവിടന്ന് അബൂബക്ർرضനമസ്കാരത്തിന് നേതൃത്വം നല്കട്ടെ എന്നു പറഞ്ഞു. ജോലി കഴിഞ്ഞുടനെ നബിﷺതിരുമേനി മസ്ജിദിലെത്തിയപ്പോൾ ഹദ്റത്ത് അബൂബക്ർرضനമസ്കരിപ്പിക്കുകയായിരുന്നു. നബിﷺതിരുമേനി വന്നതറിഞ്ഞ ജനങ്ങൾ സന്തോഷംകൊണ്ട് കൈകൊട്ടാൻ തുടങ്ങി. തങ്ങളുടെ മനസ്സിലെ സന്തോഷം പ്രകടിപ്പിക്കാനും അബൂബക്റിന്റെرضഇമാമത്ത് അവസാനിച്ചുവെന്ന് അറിയിക്കാനുമായിരുന്നു അവർ അങ്ങനെ ചെയ്തത്. ഉടൻതന്നെ അബൂബക്ർرضപിന്നോട്ടുമാറുകയും നബിﷺതിരുമേനിക്ക്ഇടം നൽകുകയും ചെയ്തു. നമസ്കാരശേഷം നബിﷺതിരുമേനി ചോദിച്ചു: 'അബൂബക്ർ, ഞാൻ നമസ്കരിപ്പിക്കാൻ കൽപ്പിച്ചിട്ടും താങ്കളെന്തുകൊണ്ടാണ് പിന്നോട്ടു മാറിയത്?'

അദ്ദേഹം വിനയത്തോടെപറഞ്ഞു: (അദ്ദേഹത്തിന്റെ ആത്മാർഥത അപാരമായിരന്നു!):'അല്ലാഹുവിന്റെ ദൂതരേ, അല്ലഹുവിന്റെ റസൂൽസന്നിഹിതനായിരിക്കെ നമസ്കാരം നയിക്കാൻ അബൂഖുഹാഫയുടെ മകനെന്ത് യോഗ്യതയാണുള്ളത്?'

തുടർന്ന് നബിﷺതിരുമേനി സ്വഹാബാക്കളോടു ചോദിച്ചു: 'എന്തിനാണ് നിങ്ങൾ കൈകൊട്ടിയത്?ദൈവസ്മരണയിൽ(നമസ്കാരത്തിൽ)കൈകൊട്ടുന്നത് ശരിയല്ല. നമസ്കാരത്തിന്നിടയിൽ എന്തെങ്കിലുംശ്രദ്ധയിൽപ്പെടുത്താനുണ്ടെങ്കിൽകൈകൊട്ടുന്നതിനു പകരം ഉച്ചത്തിൽ 'സുബ്ഹാനല്ലാഹ്'എന്നു പറയുക. അങ്ങനെ ചെയ്താൽ മറ്റുള്ളവർക്ക് കാര്യം മനസ്സിലാകുന്നതായിരിക്കും.'

അതുപോലെ, ആരാധനകളിൽ അനാവശ്യമായ ഔപചാരികത്വം(തകല്ലുഫ്) അവിടന്ന് ഇഷ്ടപ്പെട്ടിരുന്നില്ല.

ആരാധനകളിലിത്ര ശ്രദ്ധ കാണിച്ചിരുന്ന അവിടന്ന് പറഞ്ഞിരുന്നത് ഔപചാരികത്വം പാടില്ലെന്നാണ്. ഒരിക്കൽ വീട്ടിൽ പ്രവേശിച്ചപ്പോൾ രണ്ടു തൂണുകൾക്കിടയിൽ ഒരു കയർ കെട്ടിയിരിക്കുന്നതുകണ്ട് നബിﷺതിരുമേനി ചോദിച്ചു: 'എന്തിനാണ് ഈ കയർ കെട്ടിയിരിക്കുന്നത്?' ആളുകൾ പറഞ്ഞു: 'ഇത് ഹദ്റത്ത് സയ്നബിന്റെ കയറാണ്. നമസ്കരിച്ച് തളരുമ്പോൾ അവർ ഇതിൽ പിടിച്ചുനിൽക്കും.' നബിﷺതിരുമേനി പറഞ്ഞു: 'ഇങ്ങനെ ചെയ്യാൻ പാടില്ല. ഈ കയർ അഴിച്ചുമാറ്റുക. ഓരോരുത്തരും തങ്ങൾക്ക് ഉന്മേഷമുള്ളിടത്തോളം ആരാധിക്കുക. തളരുമ്പോൾ വിശ്രമിക്കേണ്ടതാണ്. ഇത്തരത്തിൽ സ്വയം കഷ്ടപ്പെടുത്തിയുള്ള ആരാധനകൊണ്ട് ഒരു ഗുണവുമില്ല.'*(ദീബാച്ച തഫ്സീറുൽ ഖുർആൻ, അൻവാറുൽ ഉലൂം വാള്യം 20, പേജ് 384)*

നബിﷺതിരുമേനിയുടെ ശിക്ഷണത്താൽ അവിടത്തെ വീട്ടുകാരും മുസ്‌ലിം സ്ത്രീകൾ പോലും ആരാധനയിൽ അത്രയേറെ താൽപര്യമുള്ളവരായിരുന്നുവെന്ന് ഇതിൽനിന്ന് പ്രകടമാകുന്നുണ്ട്. അതേസമയം അവർ അതിൽ കഠിനമായ നില അനുവർത്തിച്ചിരുന്നു. എന്നാൽ,നബിﷺതിരുമേനിഅവരോടു പറഞ്ഞു: 'കഠിനമായ നിലകൈക്കൊള്ളേണ്ടതില്ല. വിശ്രമം നൽകി ആരാധന അനുഷ്ഠിക്കേണ്ടതാണ്.' എന്നാൽ, ഇക്കാലത്തെ ആളുകളോടു പറയട്ടെ, ഇക്കാലത്ത് ചിലർ കരുതുന്നതുപോലുള്ള അർഥവും ഇതിനില്ല. അതായത്, പ്രയാസത്തിൽ അകപ്പെടുത്തേണ്ടതില്ലാത്തതിനാലും അത് ഫർള്നമസ്കാരം ആയതിനാലും വേഗം തീർത്ത് ഉത്തരവാദിത്വമൊഴിയുക എന്ന് ഇതിനർഥമില്ല. എളുപ്പം നിർവഹിക്കുക എന്നതിന്റെ വിപരീത ഉദ്ദേശ്യമാണ് കൈക്കൊള്ളാൻ ശ്രമിക്കുന്നത്.

ഇക്കാലത്ത് നമസ്കരിക്കുന്ന ചിലർ ആരാധനയ്ക്കായി വരുന്നു. ഏതാനും നിമിഷങ്ങൾക്കകം നമസ്കരിച്ച് പോകുന്നു. അല്ലെങ്കിൽ വീടുകളിൽ ഏതാനും നിമിഷങ്ങൾക്കകം നമസ്കാരം കഴിച്ചുകൂട്ടുന്നു. ഇവിടെയും ആളുകൾ എന്നോടു നമസ്കാരം നിർവഹിക്കേണ്ടതെങ്ങനെയെന്ന് പലപ്രാവശ്യം ചോദിക്കാറുണ്ട്. നമസ്കാരം അങ്ങേയറ്റം ഭംഗിയോടു കൂടിയാണ് നിർവ്വഹിക്കേണ്ടത്.

ഇതുസംബന്ധമായി നബിﷺതിരുമേനിയുടെ ഒരു ഹദീഥുണ്ട്. ഒരു സ്വഹാബിയോടു നബിﷺതിരുമേനി മൂന്നോ നാലോ പ്രാവശ്യം നമസ്കരിക്കാൻ പറഞ്ഞു. അദ്ദേഹം നബിﷺതിരുമേനിയുടെ സദസ്സിൽ വൈകിയാണ് വന്നത്. നമസ്കാരം കഴിഞ്ഞ് നബിﷺതിരുമേനി മസ്ജിദിൽ ഇരിക്കുകയായിരുന്നു. ജമാഅത്തായ നമസ്കാരത്തിനു ശേഷമുള്ള സദസ്സായിരുന്നു അത്. ഓരോ തവണ ആ സ്വഹാബി നമസ്കരിച്ചു വന്ന് സദസ്സിലിരിക്കുമ്പോഴെല്ലാം നബിﷺതിരുമേനി വീണ്ടും പോയി നമസ്കരിച്ചു വരാൻ പറയുമായിരുന്നു. അദ്ദേഹം നമസ്കരിച്ചു വന്നാൽ വീണ്ടും തിരുമേനി പറയുമായിരുന്നു വീണ്ടും പോയി നമസ്കരിച്ചു വരൂ എന്ന്. ഇങ്ങനെ മൂന്നുനാ

ലു തവണ നമസ്കരിച്ചു വരാൻ അവിടന്ന് ഉപദേശിച്ചു. ഒടുവിൽ ആ സ്വഹാബി പറഞ്ഞു: 'എനിക്കു ഇതിലും നന്നായി നമസ്കരിക്കാൻ അറിയില്ല. അങ്ങ് പഠിപ്പിച്ചു തന്നാലും.' അപ്പോൾ അവിടന്ന് പറഞ്ഞു:

'നമസ്കാരം സാവധാനം സാവധാനം നിർവ്വഹിക്കുക. അല്ലാഹുവിന് ദിക്ർ ചെയ്യുക. സ്വലാത്തു ചൊല്ലുക. തൗഹീദിന്റേയും തഹ്മീദിന്റേയും ദിക്ർ ചൊല്ലുക. റുക്കൂഉം സുജൂദും ശരിയായ രീതിയിൽ ചെയ്യേണ്ടതാണ്.'*(സ്വഹീഹുൽ ബുഖാരി, കിതാബുൽ അദാൻ ഹദീഥ് 793)*

അതുകൊണ്ട് ഇക്കാര്യവും ഓർമിക്കുക. നമസ്കാരം സൗകര്യപ്രദമായി നിർവഹിക്കുക. ഇതിന്റെ അർഥം ധിറുതിയിൽ നമസ്കരിക്കുക എന്നല്ല. എളുപ്പത്തിൽ നമസ്കരിക്കുക എന്ന് ഒരു നിവേദനത്തിൽ വന്നിട്ടുള്ളതാണല്ലോ. അതിനാൽ, ഉറക്കം വരുമ്പോൾ വേഗം നമസ്കരിക്കാമെന്ന് അർഥം നൽകുന്നത് ശരിയല്ല. ബോധമില്ലാത്ത അവസ്ഥയിൽ നമസ്കരിക്കുന്നതു തന്നെ നിരോധിക്കപ്പെട്ടിട്ടുണ്ട്. ഇത് അനുവദനീയമല്ല. നമസ്കരിക്കുമ്പോൾ അതിനോടുള്ള കടമ പൂർണ്ണമായും നിർവഹിക്കണമെന്നാണ് നബിﷺതിരുമേനി ഉപദേശിച്ചിട്ടുള്ളത്.

ബഹുദൈവാരാധനയെ നബിﷺതിരുമേനി എത്രമാത്രം വെറുത്തിരുന്നുവെന്നാൽ. മരണാസന്നനായി കിടന്നപ്പോൾപോലും, വേദനകൊണ്ട് വലത്തോട്ടും ഇടത്തോട്ടും തിരിഞ്ഞുകിടക്കുന്ന അവസ്ഥയിലും അവിടന്ന് ഇപ്രകാരം പറഞ്ഞു: 'തങ്ങളുടെ പ്രവാചകന്മാരുടെ ഖബ്റുകളെ ആരാധനാ കേന്ദ്രങ്ങളാക്കി മാറ്റിയ യഹൂദികളേയും നസ്വാറാക്കളേയും അല്ലാഹു ശപിക്കുമാറാകട്ടെ.*(ദീബാച്ച തഫ്സീറുൽ ഖുർആൻ അൻവാറുൽഉലൂം വാല്യം 20 പേജ് 385)*

അതായത് അവർ പ്രവാചകന്മാരുടെ ഖബ്റുകളിൽ സുജൂദു ചെയ്യുകയും അവരോടു പ്രാർഥിക്കുകയും ചെയ്യുന്നു. തന്റെ മരണശേഷം തന്റെ ഉമ്മത്ത് ഇപ്രകാരംചെയ്യുകയാണെങ്കിൽ അവർ തന്റെ പ്രാർഥനകൾക്ക് അവകാശികളാകുമെന്ന് കരുതേണ്ട. പ്രത്യുത അവരെ ഞാൻ തീർത്തും കൈയൊഴിയുന്നതായിരിക്കും. മുമ്പേ പരാമർശിച്ചതുപോലെ അല്ലാഹു അതിന് സാക്ഷ്യം ആവശ്യപ്പെടും.

ഇനി നോക്കുക, മദീനയിൽ നബിﷺതിരുമേനിയുടെ ഖബ്റിടത്തിൽ സർക്കാർ വലിയ നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിരിക്കുകയാണ്. ഇക്കാരണത്താൽ അവിടെ ആരെയും സുജൂദ് ചെയ്യാൻ അനുവദിക്കാറില്ല. അടുത്തുപോകാനും വിടാറില്ല. എന്നാൽ, നിരവധി മുസ്‌ലിം രാജ്യങ്ങളിൽ പീർമാരുടേയും ഫക്കീർമാരുടേയും ഫക്കീർമാരുടെയും ദർഗകളിൽ സുജൂദ് ചെയ്യുന്നതും നേർച്ചകൾ അർപ്പിക്കുന്നതും കാണാം. ഇതു തികഞ്ഞ ശിർക്കാണ്. ഒരു കാര്യം നബിﷺതിരുമേനി നിരോധിച്ചിട്ടുണ്ടെങ്കിൽ, തന്റെ കാര്യത്തിൽപ്പോലും വിലക്കേർപ്പെടുത്തിയെങ്കിൽ ഏതെങ്കിലും പീറിന്റേയോ ഫഖീറിന്റേയോ ഖബറിടത്തിൽ സുജൂദുചെയ്യാൻ എന്തവകാശമാണുള്ളത്? അല്ലാഹുവിന്റെഅനുഗ്രഹത്താൽ നമ്മൾ ഹദ്റത്ത് മസീഹ് മൗഊദ്ؑൽ ഇത്തരം കാര്യങ്ങളിൽനിന്ന് സുരക്ഷിതരായിരിക്കുന്നു. എങ്കിലും നമ്മൾ നമ്മുടെആരാധനകളുടെ നിലവാരം ഉയർത്തേണ്ടതുണ്ട്. മറ്റുള്ള മുസ്‌ലിമീങ്ങളിൽ ഈ ആചാരം വളരെയേറെയുണ്ട്. അല്ലാഹു അവരോടും കരുണ കാണിക്കുമാറാകട്ടെ. ഇത്തരം ശിർക്കുകളിൽനിന്ന് വിട്ടുനിൽക്കാൻ അവർക്കും ബുദ്ധിയും വിവേകവും നൽകുമാറാകട്ടെ.

ഇനി അല്ലാഹുവിന്റെ സന്നിധിയിലുള്ള വിനയം എത്രത്തോളമായിരുന്നുവെന്നാൽ ഒരിക്കൽ സ്വഹാബാക്കൾ നബിﷺതിരുമേനിയോടു പറഞ്ഞു: 'അല്ലാഹുവിന്റെ റസൂലേ! അങ്ങയുടെ കർമങ്ങൾകൊണ്ട് അല്ലാഹു അങ്ങയ്ക്ക് തീർച്ചയായും സ്വർഗം നൽകുമല്ലോ. എന്തെന്നാൽ, അല്ലാഹു അങ്ങയ്ക്ക് സാക്ഷ്യപത്രം നല്കുകയും അങ്ങയുടെ സ്വഭാവഗുണങ്ങളെ പുകഴ്ത്തുകയും അങ്ങയുടെ മാതൃകയെ മുസ്‌ലിമീങ്ങൾക്കായി പ്രവർത്തനമാനദണ്ഡമാക്കുകയും ചെയ്തിരിക്കയാണല്ലോ. അതിനർഥം അങ്ങയുടെ കർമങ്ങൾ മുഖേന അങ്ങേയ്ക്ക് രക്ഷലഭിക്കും അല്ലെങ്കിൽ ലഭിച്ചു കഴിഞ്ഞു എന്നാണ്.' അപ്പോൾ നബിﷺതിരുമേനി പറഞ്ഞു: 'ഒരിക്കലുമില്ല, അല്ലാഹുവിന്റെ കാരുണ്യംകൊണ്ടല്ലാതെ എനിക്കും രക്ഷയില്ല. 'ഹദ്റത്ത് അബൂഹുറയ്റؓനിവേദനം. നബിﷺതിരുമേനിപറഞ്ഞു: 'ഒരാളും തന്റെ കർമങ്ങൾകൊണ്ടുമാത്രം സ്വർഗത്തിൽ പ്രവേശിക്കുകയില്ല.' ഞാൻ ചോദിച്ചു: 'അല്ലാഹുവിന്റെ റസൂലേ! അങ്ങും പ്രവേശിക്കുകയില്ലേ?' നബിﷺതിരുമേനി പറഞ്ഞു: 'അതെ, ഞാനും എന്റെ കർമങ്ങളുടെ ഫലമായി സ്വർഗത്തിൽ പ്രവേശിക്കുന്നതല്ല; അല്ലാഹു തന്റെ അനുഗ്രഹവും കാരുണ്യവുംകൊണ്ട് എന്നെ പൊതിഞ്ഞാലല്ലാതെ. ഇതേ വഴിയുള്ളൂ.*(ദീബാച്ച തഫ്സീറുൽ ഖുർആൻ അൻവാറുൽഉലൂം വാല്യം 20 പേജ് 386-387)(സ്വഹീഹുൽബുഖാരി കിതാബുൽമർളാ, ബാബു തമന്നൽമരീളുൽമൗത്ത് ഹദീഥ് 5673)*

ബുഖാരിയുടെ നിവേദനമാണിത്: പിന്നീട് അവിടന്ന്ﷺഉപദേശിച്ചുകൊണ്ടു പറഞ്ഞു: നല്ല കാര്യങ്ങൾ ചെയ്യുകയും ദൈവസാമീപ്യത്തിന്റെ മാർഗങ്ങൾ അന്വേഷിക്കുകയും ചെയ്യുക. എന്നിട്ട് പറഞ്ഞു:'നിങ്ങളിലാരും മരണത്തെ ആഗ്രഹിക്കാതിരിക്കുക. അവൻ നല്ലവനാണെങ്കിൽ അവൻകൂടുതൽക്കാലം ജീവിക്കുന്നത് തന്റെ സൽക്കർമങ്ങൾ വർദ്ധിപ്പിക്കാൻ സഹായിക്കും. ഒരാൾ മോശപ്പെട്ടവനാണെങ്കിൽ, അയാൾക്ക് പശ്ചാത്താപം (തൗബ)ചെയ്യാനുള്ള അവസരം, അതിനുള്ള ചിന്ത ഉടലെടുക്കും. *(സ്വഹീഹുൽ ബുഖാരി കിതാബുത്തമന്ന ഹദീഥ് 7235)*

മരണം ആഗ്രഹിക്കരുതെന്നുള്ളത് നമ്മൾ ഓർത്തുവെക്കേണ്ട ഒരു സുപ്രധാന ഉപദേശമത്രേ. ഇതിനു കാരണമായി നബിﷺതിരുമേനി പറഞ്ഞതിതാണ്: 'വല്ല ക്ലേശവും കാരണമായാണ് അങ്ങനെ ചെയ്യുന്നതെങ്കിൽ-മരണം ആഗ്രഹിക്കാനെന്തെങ്കിലും കാരണം കാണുമല്ലോ-നിങ്ങളുടെ വല്ല സൽക്കർമങ്ങളുമുണ്ടെങ്കിൽ അല്ലാഹു നിങ്ങൾക്ക് സൽക്കർമം ചെയ്യാൻ ഇനിയും അവസരം നല്കുന്നതായിരിക്കും. നിങ്ങൾക്ക് പരലോകത്ത് മികച്ച ഏർപ്പാടുകൾ ഒരുക്കുന്നതുമായിരിക്കും. നിങ്ങളുടെ തിന്മകൾ പൊറുത്തു തരുന്നതാണ്. ഇനി തിന്മകളാണുള്ളതെങ്കിൽ തൗബയും ഇസ്തിഗ്ഫാറും ചെയ്യാനുള്ള അവസരം ലഭിക്കുന്നതായിരിക്കും. ഇതിൽ ശ്രദ്ധ ഉണ്ടാകുന്നതോടെ മോക്ഷവും ലഭിക്കും. അപ്പോഴും ദൈവസാമിപ്യം ലഭിക്കുന്നതായിരിക്കും. പിന്നീട് ഒരുവേള അല്ലാഹു നിന്റെ രക്ഷയ്ക്കുള്ള സംവിധാനം ഒരുക്കുന്നതുമാണ്.

ആരാധനയുടെ നിലവാരത്തിന്റെ നമ്മുടെ അവസ്ഥ നമ്മൾ കണ്ടു കഴിഞ്ഞല്ലോ. ഇക്കാര്യത്തിൽ മറ്റുള്ളവരുടെ ശ്രദ്ധയും അവിടന്ന് ക്ഷണിക്കുമായിരുന്നു.

നിവേദനത്തിൽ വന്നിരിക്കുന്നു: 'ഒരിക്കൽ അവിടന്ന് രാത്രി തന്റെ മരുമകൻ ഹദ്റത്ത് അലിയുടെയും മകളായ ഫാത്വിമയുടെയും വീട്ടിൽ വന്നു. തഹജ്ജുദ് നമസ്കരിക്കാറുണ്ടോ എന്ന് ചോദിച്ചു. ഹദ്റത്ത് അലിؓപറഞ്ഞു: അല്ലാഹുവിന്റെ റസൂലേ! നമസ്കരിക്കാൻ ഞങ്ങൾ ശ്രമിക്കാറുണ്ട്. എന്നാൽ, അല്ലാഹുവിന്റെ ഇച്ഛയാൽ ഉറങ്ങിപ്പോയാൽ നമസ്കാരം വിട്ടുപോകും. അവിടന്ന് പറഞ്ഞു: 'തഹജ്ജുദ് ശീലമാക്കുക.' നബിﷺതിരുമേനി അവിടെ നിന്നെഴുന്നേറ്റ് വീട്ടിൽപോയി. വഴിയിൽ അവിടന്ന് ഇപ്രകാരം പറഞ്ഞുകൊണ്ടിരുന്നു: 'വ കാനൽ ഇൻസാനു അക്ഥറു ശയ്ഇൻ ജദലാ' (സൂറത്തുൽ കഹ്ഫ്: 54). അതായത് മനുഷ്യൻ ഏറ്റവുമധികം തർക്കിക്കുന്ന പ്രകൃതക്കാരനത്രെ. വിവിധ ന്യായങ്ങളിലൂടെ അവൻ അവയെ മറച്ചു വെക്കുന്നു.

അങ്ങനെ അവിടന്ന് അവർക്ക് പറഞ്ഞു മനസ്സിലാക്കിക്കൊടുക്കുകയും വീട്ടിൽനിന്ന് തിരിച്ചു പോരുമ്പോൾ ഇത് ആവർത്തിക്കുകയും ചെയ്തു. മറ്റുള്ളവരിലൂടെ ഹദ്റത്ത് അലിയുടെ അടുത്ത് ഇതെത്തുന്നതിനുവേണ്ടിയായിരുന്നു ഇങ്ങനെ ചെയ്തത്. ഞങ്ങളിൽനിന്ന് ചിലപ്പോൾ തെറ്റു സംഭവിക്കുന്നുവെന്ന്പറയുന്നതിനു പകരം, എഴുന്നേൽക്കാതിരുന്നത് തെറ്റുതന്നെ എന്നു

**• ഹദീഥുന്നബ്‌വിﷺ •**

**"അസ്സ്വബ്റു രിളൻ."**
**വിധിയിൽ തൃപ്തിപ്പെടുന്നതിനാണ് ക്ഷമ എന്നു പറയുന്നത്.**

ത്വാലിബെ ദുആ
**C. K.MUHAMMED SHAREEF&FAMILY**
AHMADIYYAJAMA-ATHVANIYAMBALAM,

**• ഹദീഥുന്നബ്‌വിﷺ •**

**"അൽമത്വ്ഊനു ശഹീദുൻ."**
**പ്ലേഗ് ബാധിച്ച് മരിക്കുന്നവൻ ശഹീദാണ്.**

ത്വാലിബെ ദുആ
**LATE T.K.SIDHIQUE AND FAMILY**
KARULAI, MALAPPURAM

പറയണമായിരുന്നു, അല്ലാഹു ഇച്ഛരിക്കുമ്പോൾ എഴുന്നേൽക്കും അല്ലെങ്കിൽ ഉറങ്ങിപ്പോകും എന്നു പറഞ്ഞ് അതിനെ അല്ലാഹുവിന്റെമേൽ പഴി ചാരരുതെന്നാണ് അവിടന്ന് പഠിപ്പിച്ചത്. തന്റെ വീഴ്ചകളെ അല്ലാഹുവിൽ ചേർത്തു പറയുന്നതെന്തിനാണെന്ന് അവിടന്ന് ചോദിക്കുന്നു.മുമ്പേ വിവരിക്കപ്പെട്ടതുപോലെ, ആരാധനാകർമങ്ങളിൽ ഒരു വിധത്തിലുമുള്ള കൃത്രിമത്വമോബാഹ്യപ്രകടനങ്ങളോ നബിﷺതിരുമേനി ഇഷ്ടപ്പെട്ടിരുന്നില്ല. ഒരിക്കൽ തന്റെ വീട്ടിൽ കയറുകൾ തൂങ്ങിക്കിടക്കുന്നതുകണ്ട് അവിടന്ന് അത് വിലക്കുകയും, ആ കയറുകൾ എടുത്തുമാറ്റാൻ പറയുകയും ചെയ്തു.

അല്ലാഹു മനുഷ്യനിൽ നിക്ഷിപ്തമാക്കിയിട്ടുള്ള പ്രകൃതിദത്തമായ കഴിവുകളെശരിയായ രീതിയിൽ വിനിയോഗിക്കണമെന്നതായിരന്നു നബിﷺതിരുമേനിയുടെ തത്ത്വം; അതുതന്നെയാണ് യഥാർഥ ആരാധനയും.

കണ്ണുകളുണ്ടായിരിക്കെ അവ അടച്ചുപിടിക്കുന്നതോ അല്ലെങ്കിൽ അവയെ നശിപ്പിക്കുന്നതോ ആരാധനയല്ല, പ്രത്യുത അത് അല്ലാഹുവിനോടുള്ള അനാദരവാണ്. എന്നാൽ, അവയെ ദുരുപയോഗം ചെയ്യുന്നത് പാപവുമാണ്. ഇന്നത്തെ കാലത്ത് ലോകത്ത് മനുഷ്യസഹജമായ ഇച്ഛകളെ സ്വാധീനിക്കുന്ന അനേകം ആകർഷണങ്ങൾ (അഷ്യേമരശേീ) നമ്മെ പ്രലോഭിപ്പിക്കുന്നുണ്ട്. നാം അവയിൽ ആകൃഷ്ടരാകുകയും ടി.വി.യിലോ ഇന്റർനെറ്റിലോ തെറ്റായ പരിപാടികളോ അനുചിതമായ കാര്യങ്ങളോ കാണുകയും ചെയ്യുന്നത് പാപമാണ്. യഥാർഥ കാര്യം ഇത്തരത്തിലുള്ള പാപങ്ങളിൽനിന്ന് സ്വയം വിട്ടുനിൽക്കുന്നതാണ്; അതാണ്, നിങ്ങൾക്ക് പുണ്യം നേടിത്തരുന്നത്. അതുപോലത്തന്നെ, കാതുകൾ അടച്ചുപിടിക്കുന്നത്ഒരു പുണ്യപ്രവൃത്തിയല്ല. അല്ലാഹു നിങ്ങൾക്ക് ഒരു കഴിവു നൽകിയിരിക്കെ എന്തിനാണ് അത് ഉപയോഗിക്കാതിരിക്കുന്നത്? അത് ദൈവികാനുഗ്രഹത്തോടുള്ള അനാദരവാണ്. അല്ലാഹു നൽകിയ അനുഗ്രഹത്തെ നിങ്ങൾ പാഴാക്കുകയാണ് ചെയ്യുന്നത്. എന്നാൽ, മറ്റുള്ളവരുടെ കുറ്റങ്ങൾ(പരദൂഷണം) കേൾക്കുന്നതും ഏഷണികൾക്ക് ചെവികൊടുക്കുന്നതും പാപമാണ്. അനേകമാളുകൾ മറ്റുള്ളവരെക്കുറിച്ച്അപവാദം പറയുകയും ഏഷണികൾകേട്ട് ആനന്ദിക്കുകയും അവരെ പരിഹസിക്കുകയും ചെയ്യുന്നു. മറ്റുള്ളവരുടെ ബലഹീനതകൾക്കേട്ട് രസിക്കുന്നത് തെറ്റായ പ്രവൃത്തിയാണ്. ഇത്തരം പ്രവൃത്തികളിൽനിന്ന് വിട്ടു നിൽക്കാൻ അവിടന്ന് ഉപദേശിച്ചു.

പ്രകൃതിദത്തമായ കഴിവുകളുടെ ശരിയായ ഉപയോഗമാണ് 'ഉന്നതമായ ധാർമികഗുണങ്ങൾ' (അഖ്‌ലാഖെ ഫാളില) എന്ന് അവിടന്ന് പറഞ്ഞു. ആ കഴിവുകളെനശിപ്പിക്കുന്നത്വിഡ്ഢിത്തവും അവയെ അവിഹിതമായ കാര്യങ്ങൾക്ക് ഉപയോഗിക്കുന്നത്ദുർവൃത്തിയുമാണ്. അവയുടെ ശരിയായ വിനിയോഗമാണ് യഥാർഥ നന്മ. ഇതായിരന്നു നബിﷺതിരുമേനിയുടെ അധ്യാപനങ്ങളുടേയും അവിട ത്തെ ജീവിതത്തിന്റേയും സാരം. ഇക്കാരണത്താലാണ് അവിടത്തെ ജീവിതത്തെ ഒരു ഉത്തമ മാതൃകയായിസ്വീകരിക്കാൻ അല്ലാഹു നമ്മളോടു കൽപ്പിച്ചിട്ടുള്ളത്.

നബിﷺതിരുമേനിയുടെ കർമങ്ങളെക്കുറിച്ച് ഹദ്റത്ത് ആഇശؓഒരിടത്ത് പറയുന്നു: "അല്ലാഹുവിന്റെ റസൂലിന്റെﷺജീവിതത്തിൽ അവിടത്തെ മുന്നിൽ രണ്ടു വഴി തുറക്കപ്പെട്ടു. അവയിൽ പാപത്തിന്റെ നേരിയ അംശം പോലുമില്ലെങ്കിൽ അവിടന്ന് എളുപ്പമുള്ള വഴി തിരഞ്ഞെടുക്കാതിരുന്നിട്ടില്ല. ഇപ്പോൾ രണ്ടു വഴികളുണ്ട്. ഒന്ന് എളുപ്പമുള്ളതും മറ്റൊന്ന് ദുഷ്കരമായതും. എളുപ്പമുള്ള വഴി സ്വീകരിക്കാനായിരുന്നു നബിﷺ തിരുമേനിയുടെ ശ്രമം; കാരണം അല്ലാഹു മനുഷ്യനെഅനാവശ്യമായി പ്രയാസത്തിലിടാൻ ആഗ്രഹിക്കുന്നില്ല. എന്നാൽ, എളപ്പമുള്ള വഴി സ്വീകരിക്കുന്നതുകൊണ്ട് വല്ല പാപവും സംഭവിക്കുമെന്ന് സംശയം തോന്നിയാൽ അവിടന്ന് അതിൽനിന്ന് ഓടിയകലുകയും ദൈർഘ്യമേറിയ (ദുഷ്കരമായ)വഴി സ്വീകരിക്കുകയും ചെയ്യുമായിരുന്നു. ചെറിയൊരു സംശയംപോലും തോന്നിയാൽ, മറ്റേതൊരു മനുഷ്യനെക്കാളുംദൂരത്ത് അവിടന്ന് അതിൽനിന്ന് അകന്നുമാറുമായിരുന്നു; സാധാരണ മനുഷ്യർക്ക് അത്രത്തോള ം അകന്നുമാറാൻ സാധ്യമല്ലായിരുന്നു.

ലോകത്ത് നോക്കിയാൽകാണാം, ചിലപ്പോൾ ജനങ്ങളെ വഞ്ചിക്കാൻവേണ്ടി തങ്ങൾ വലിയ ആത്മീയതപസ്യകൾ(മുജാഹദ) ചെയ്തുവെന്ന്കാണിച്ച് ആളുകൾ തങ്ങളെ പ്രയാസത്തിലിടുന്നു. പീർമാരും ഫക്കീറുമാരും ഇത്തരത്തിൽ വലിയ കഥകൾ പറയാറുണ്ട്. എന്നാൽ, നബിﷺതിരുമേനി എളുപ്പത്തിന്റെ വഴിയാണ് തേടിയത്. കാരണം, ജനങ്ങളെ കാണിക്കാൻവേണ്ടി ഇത്തരത്തിൽ പ്രവർത്തിക്കുന്നവർ തങ്ങളുടെ മഹത്ത്വം പ്രകടിപ്പിക്കാനോപുകഴ്ത്തപ്പെടാനോ വേണ്ടിയാണ് സ്വയം കഷ്ടപ്പെടുത്തുന്നത്. അവർ അല്ലാഹുവിനുവേണ്ടിയല്ല അത് ചെയ്യുന്നത്. അവരുടെ കഷ്ടപ്പാടുകൾകൊണ്ട് അല്ലാഹുവിന് ഒരു പ്രയോജനവുമില്ല. അവർക്ക് അതിന് പുണ്യവും(ഥവാബ്) ലഭിക്കില്ല. ഇതു ജനങ്ങളെ വഞ്ചിക്കാൻ വേണ്ടിയുള്ളതാണ്. വഞ്ചിക്കാൻവേണ്ടി ഒരാളൊരു പ്രവൃത്തി ചെയ്യുമ്പോൾആ ദുരുദ്ദേശ്യം കാരണം അല്ലാഹു അയാൾക്ക് പാപമാണ് നൽകുന്നത്, പുണ്യമല്ല.ചിലർ തങ്ങളുടെ കുറവുകൾ മറച്ചുവെക്കാൻവേണ്ടി തങ്ങൾ വലിയ കാര്യങ്ങൾ ചെയ്തുവെന്ന് അവകാശപ്പെടുന്നു. എങ്ങനെയെങ്കിലും തങ്ങളുടെ തെറ്റുകളെ മൂടിവെക്കാൻ ശ്രമിക്കുകയും തങ്ങൾ ഉന്നതമായ കാര്യമാണ് ചെയ്തതെന്നും അതിന്റെ പേരിൽ വലിയ കഷ്ടപ്പാടുകൾ സഹിച്ചെന്നും സ്വയം പുകഴ്ത്തുകയും ചെയ്യുന്നു. എന്നാൽ, അല്ലാഹു പറയുന്നു: ഇല്ല, ഈ'നന്മകൾ'നിങ്ങളെ അല്ലാഹുവിലേക്ക് അടുപ്പിക്കുകയില്ല. പ്രത്യുത അല്ലാഹുവിന്റെ കോപത്തിന് കാരണമാകുന്നതായിരിക്കും. കാരണം നിങ്ങളുടെ നിയ്യത്ത് അഥവാ ഉദ്ദേശ്യം ശുദ്ധമല്ല. ജനങ്ങളെ കാണിച്ചാൽ തങ്ങൾക്ക് അനുകൂലമാകുമെന്ന് കരുതിയാണ് നിങ്ങൾ ചില കാര്യങ്ങൾ ചെയ്യുന്നത്.'ഇത്തരത്തിലുള്ള ചെറിയപാഠങ്ങൾ നബിﷺതിരുമേനി തന്റെ ജീവിതമാതൃകയിലൂടേയും ഉപദേശങ്ങളിലൂടേയും നമുക്ക് നൽകിയിട്ടുണ്ട്. മനുഷ്യരുമായുള്ള ഇടപഴകലുകളെക്കുറിച്ച് പറയുമ്പോൾഅവിടത്തെ വീട്ടിൽനിന്നുതന്നെ തുടങ്ങുന്നു. ഭാര്യമാരോടുള്ള അവിടത്തെ പെരുമാറ്റം എങ്ങനെയുള്ളതായിരുന്നു? അത് അങ്ങേയറ്റം ദയാപൂർവ്വവും നീതിയുക്തവുമായിരുന്നു. ഇന്നത്തെആളുകൾ ഇതു മനസ്സിലാക്കുകയാണെങ്കിൽവീടുകളിലെ പല തർക്കങ്ങളും കലഹങ്ങളും ഇല്ലാതാകും. ചിലപ്പോൾ അവിടത്തെ ഭാര്യമാർ അവിടത്തോടു കർക്കശമായി സംസാരിക്കുമായിരുന്നു; എങ്കിലും അവിടന്ന് ചിരിച്ചുകൊണ്ട് അത് നിശബ്ദമായി അവഗണിച്ചു കളയുകയായിരുന്നു പതിവ്.

ഒരിക്കൽ അവിടന്ന് ഹദ്റത്ത് ആഇശؓയോടു പറഞ്ഞു: 'ആഇശാ! നീ എന്നോടു പിണങ്ങുമ്പോൾനീ പിണക്കത്തിലാണെന്ന് എനിക്കു മനസ്സിലാകും.' ഹദ്റത്ത് ആഇശؓ ചോദിച്ചു: 'അങ്ങയ്ക്ക് അതെങ്ങനെ മനസ്സിലാകും?' അവിടന്ന് പറഞ്ഞു: 'നീ എന്നോടു സന്തോഷത്തിലായിരിക്കമ്പോൾസത്യം ചെയ്യേണ്ടിവന്നാൽ നീ എപ്പോഴുംപറയും: "മുഹമ്മദിന്റെ രക്ഷിതാവാണെ സത്യം! കാര്യം ഇപ്രകാരമാണെന്ന്! എന്നാൽ, നീ എന്നോടു പിണക്കത്തിലായിരിക്കുമ്പോൾ സത്യം ചെയ്യേണ്ടി വന്നാൽ നീ പറയും:'ഇബ്റാഹീമിന്റെ റബ്ബാണെ സത്യം!കാര്യം ഇപ്രകാരമാണെന്ന്!' ഇതുകേട്ടപ്പോൾ ഹദ്റത്ത് ആഇശؓചിരിക്കുകയും നബി തിരുമേനിയുടെ വാക്കിനെ ശരിവെച്ചുകൊണ്ട്, അങ്ങ് തികച്ചും ശരിയാണ് മനസ്സിലാക്കിയതെന്നു പറയുകയും ചെയ്തു.

പിന്നീട് വരുന്നത് ഹദ്റത്ത് ഖദീജ റളിയല്ലാഹു അൻഹായുടെ സംഭവങ്ങളാണ്. നബിﷺതിരുമേനിയുടെ ആദ്യത്തെയും ഏറ്റവും മുതിർന്നതുമായ ഭാര്യയായിരുന്നു ഹദ്റത്ത് ഖദീജؓ. അവർ നബിﷺതിരുമേനിക്കുവേണ്ടി വലിയ വലിയ ത്യാഗങ്ങൾ ചെയ്തിരുന്നു.

**• ഹദീഥുന്നബ്‌വിﷺ •**

"ലാ വസ്വിയ്യത്ത ഇല്ലാ വാരിഥിൻ."

അനന്തരാവകാശികൾക്കുവേണ്ടി വസ്വിയ്യത്ത് ചെയ്യുന്നത് നിഷിദ്ധമാണ്.

ത്വാലിബെ ദുആ
LATE P.V.SAINAB AND FAMILY
KARULAI, MALAPPURAM

**• ഹദീഥുന്നബ്‌വിﷺ •**

"ലാ തഉദ് ഫീ സ്വദഖത്തിക്ക."

നല്കിയ ധനം തിരിച്ചു വാങ്ങരുത്.

ത്വാലിബെ ദുആ
PROF.M.K.ABDUL KAREEM AND FAMILY
KARULAI, MALAPPURAM

അവരുടെ വിയോഗത്തിനുശേഷം അവിടത്തെ വിവാഹത്തിൽ യുവതികളായ ഭാര്യമാർ കടന്നുവന്നെങ്കിലും നബിﷺതിരുമേനി ഖദീജയുമായുള്ള ബന്ധത്തെ മറന്നില്ല. ഹദ്റത്ത് ഖദീജയുടെ കൂട്ടുകാരികൾ വരുമ്പോൾപോലും അവിടന്ന് അവരെ സ്വീകരിക്കാൻ എഴുന്നേറ്റു നിൽക്കുമായിരുന്നു.

ഹദ്റത്ത് ഖദീജ ഉണ്ടാക്കിയ ഏതെങ്കിലും വസ്തുക്കൾ നബിﷺതിരുമേനിയുടെ ദൃഷ്ടിയിൽപ്പെട്ടാൽ ആ മഹാത്മാവിന്റെ കണ്ണുകൾ നിറയുമായിരുന്നു.

ബദ്ർ യുദ്ധത്തിലെ ഒരു സംഭവമാണ്: നബിﷺതിരുമേനിയുടെ ഒരു മരുമകൻ (അബുൽ ആസ്ؓ, അദ്ദേഹം അന്ന് മുസ്‌ലിമായിരുന്നില്ല. തടവുകാരനായി പിടിക്കപ്പെട്ടു. മോചനദ്രവ്യം (ഫിദ്‌യ) നൽകാൻ അദ്ദേഹത്തിന്റെ കൈയിൽ പണമുണ്ടായിരുന്നില്ല. അദ്ദേഹത്തിന്റെ ഭാര്യ, അതായത് നബിﷺതിരുമേനിയുടെ മകൾ ഹദ്റത്ത് സയ്നബ്ؓ, തന്റെ ഭർത്താവിനെ രക്ഷിക്കാൻ വേറെ ധനമില്ലെന്ന് കണ്ടപ്പോൾ, തന്റെ മാതാവിൻെറ(ഖദീജയുടെ) അവസാന സ്മരണികയായി തന്റെ പക്കലുണ്ടായിരുന്ന ഒരു മാല തന്റെ ഭർത്താവിന്റെമോചനദ്രവ്യമായി മദീനയിൽ അയച്ചു കൊടുത്തു. ആ മാല നബിﷺതിരുമേനിയുടെ മുമ്പിൽ ഹാജരാക്കപ്പെട്ടപ്പോൾ അവിടന്ന് അത് തിരിച്ചറിയുകയും അവിടത്തെ കണ്ണുകളിൽ കണ്ണീർ നിറയുകയും ചെയ്തു. നബിﷺതിരുമേനി സ്വഹാബാക്കളോടു പറഞ്ഞു: 'ഞാൻ നിങ്ങളോടു കൽപ്പിക്കുകയല്ല, കാരണം എനിക്ക് അങ്ങനെയൊരു കല്പന നൽകാൻ അവകാശമില്ല. എങ്കിലും എനക്കറിയാം, ഈ മാല സയ്നബിന്റെ പക്കൽ അവളുടെ ഉമ്മയുടെ അവസാന സ്മരണികയാണെന്ന്. നിങ്ങൾക്ക് സന്തോഷത്തോടെഅത് ചെയ്യാൻ കഴിയുമെങ്കിൽ, ആ മകളെ അവളുടെ ഉമ്മയുടെ അവസാന സ്മരണികയിൽനിന്ന് ഒഴിവാക്കരുത് (ഇത് മടക്കിക്കൊടുക്കണം) എന്ന് ഞാൻ ശിപാർശ ചെയ്യുന്നു. സ്വഹാബാക്കൾ പറഞ്ഞു: യാ! റസുലല്ലാഹ്! ഞങ്ങൾക്ക് ഇതിനെക്കാൾ വലിയ സന്തോഷം എന്തുണ്ട്! അങ്ങനെ അവർ ആ മാല ഹദ്റത്ത് സയ്നബിനു തന്നെ മടക്കിക്കൊടുത്തു.

ഹദ്റത്ത് ഖദീജؓ, നബിﷺതിരുമേനിയോടു ചെയ്ത നന്മകളുടെ സ്വാധീനം അവിടത്തെ മനസ്സിൽ എത്രത്തോളമുണ്ടായിരുന്നുവെന്നാൽ, അവിടന്ന് പലപ്പോഴും തന്റെ മറ്റു ഭാര്യമാരോടു അവരെക്കുറിച്ചു സംസാരിക്കുമായിരുന്നു.

ഇതിനെക്കുറിച്ച് ഒരു സംഭവമുണ്ട്. ഭാര്യമാർക്കിടയിൽ പരസ്പരം ചെറിയ പിണക്കങ്ങളൊക്കെ ഉണ്ടാകുന്നത് സ്വാഭാവികമാണ്. ഒരാൾ മരണപ്പെട്ടുപോയാലും അവരെ അമിതമായി പുകഴ്ത്തുമ്പോൾ മറ്റൊരാൾക്ക് അസൂയ ഉണ്ടായേക്കാം. ഒരിക്കൽ നബിﷺതിരുമേനി ഹദ്റത്ത് ആഇശയുടെؓ അടുത്തുവെച്ച് ഹദ്റത്ത് ഖദീജയെ പുകഴ്ത്തിയപ്പോൾ ഹദ്റത്ത് ആഇശؓപറഞ്ഞു: "യാ റസൂലല്ലാഹ്! അങ്ങ് എന്തിനാണ് എപ്പോഴും ആ കിഴവിയെക്കുറിച്ച് സംസാരിക്കുന്നത്? അത് വിട്ടേക്കൂ. അല്ലാഹുത്തആല അവർക്കു പകരം അതിനെക്കാൾ നല്ലവരും സുന്ദരികളുമായ യുവതികളെ അങ്ങയ്ക്ക് നൽകിയിട്ടുണ്ടല്ലോ?" ഇതു കേട്ടപ്പോൾ നബിﷺതിരുമേനി വികാരാധീനനായി ഇപ്രകാരം പറഞ്ഞു: 'ആഇശാ!ഖദീജ എന്നെ എത്രത്തോളം സേവിച്ചിട്ടുണ്ടെന്ന് നിനക്കറിയില്ല.'*(ദീബാച്ച തഫ്സീറുൽ ഖുർആൻ, അൻവാറുൽ ഉലൂം വാല്യം 20, പേജ് 389-393)*

നബിﷺതിരുമേനിയുടെ ഉത്തമമായ സ്വഭാവത്തിന്റെനിലവാരമെന്തായിരുന്നു?

നമ്മൾ ചരിത്രത്തിൽ നോക്കിയാൽ നമുക്കു കാണാം; നബിﷺതിരുമേനി ജനിക്കുന്നതിനുമുമ്പേ പിതാവും, കുട്ടിക്കാലത്തുതന്നെ മാതാവും വഫാത്തായിരുന്നു. ആദ്യത്തെ എട്ടുവർഷം അവിടന്ന് തന്റെ പിതാമഹന്റെ(അബ്ദുൽ മുത്ത്വലിബ്)സംരക്ഷണത്തിൽ ചെലവഴിച്ചു. അതിനുശേഷം തന്റെ പിതൃവ്യനായ അബൂത്വാലിബിന്റെ സംരക്ഷണത്തിലാണ് വളർന്നത്. പിതൃവ്യന് രക്തബന്ധമുണ്ടായിരുന്നു.കൂടാതെ അബൂത്വാലിബിന്റെ പിതാവ് മരണസമയത്ത് നബിﷺതിരുമേനിയെക്കുറിച്ച് വസ്വിയ്യത്ത് ചെയ്തിരുന്നു. അതിനാൽ അദ്ദേഹം നബിﷺതിരുമേനിയെ പ്രത്യേകമായി സ്നേഹിക്കുകയും പരിഗണിക്കുകയും ചെയ്തിരുന്നു. എന്നാൽ, പിതൃവ്യന്റെ ഭാര്യയിൽ (അമ്മായി) അത്രത്തോളം സ്നേഹമോ കുടുംബപരമായ ഉത്തരവാദിത്വ ബോധമോ ഉണ്ടായിരുന്നില്ല. വീട്ടിലെന്തെങ്കിലും വിഭവങ്ങൾ വരുമ്പോൾ മിക്കവാറും അവർ അത് ആദ്യം തന്റെ മക്കൾക്ക് നൽകുമായിരുന്നു; അന്ന് കുട്ടിയായിരുന്ന നബിﷺതിരുമേനിയെ അവർ ഒട്ടും പരിഗണിച്ചിരുന്നില്ല. അബൂത്വാലിബ് വീട്ടിൽ വരുമ്പോൾ, തന്റെ ചെറിയ സഹോദരപുത്രൻ കരയുന്നതോ പരാതി പറയുന്നതോ കാണുന്നതിനു പകരം അദ്ദേഹം കാണന്നത് ഇതായിരുന്നു: തന്റെ കുട്ടികളെന്തെങ്കിലും കഴിച്ചുകൊണ്ടിരിക്കന്നു, എന്നാൽ, തന്റെ ആ ചെറിയ സഹോദരപുത്രൻ അങ്ങേയറ്റം ക്ഷമയോടെ ഒരു വശത്ത് മാറിനിൽക്കുന്നു. അതായത് നബിﷺതിരുമേനി കുട്ടക്കാലത്തുതന്നെ വലിയ ക്ഷമയോടെ എല്ലാം സഹിക്കുമായിരുന്നു. പിതൃവ്യന്റെസ്നേഹവും കുടുംബപരമായ ഉത്തരവാദിത്തങ്ങളും അദ്ദേഹത്തിന് മുന്നിൽ വരുമ്പോൾ, അദ്ദേഹം ഓടിച്ചെന്ന് തന്റെ സഹോദരപുത്രനെ ചേർത്തുപിടിക്കുകയും ഇപ്രകാരം പറയുകയും ചെയ്യുമായിരുന്നു: 'എന്റെ മകനേയും ഒന്ന് ശ്രദ്ധിക്കുക, എന്റെ മകനേയും ഒന്ന് ശ്രദ്ധിക്കുക.' ഇപ്രകാരം മിക്കപ്പോഴും സംഭവിക്കാറുണ്ടായിരുന്നു.

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്ؓഒരിടത്ത് ഈ നിവേദനം ഉദ്ധരിച്ചുകൊണ്ടെഴുതുന്നു: 'എന്നാൽ, കണ്ടുനിന്നവർ സാക്ഷ്യപ്പെടുത്തുന്നത്, നബിﷺതിരുമേനി ഒരിക്കലും ഒരു പരാതിയുംപറഞ്ഞിട്ടില്ല, അവിടത്തെ മുഖത്ത് ഒരിക്കലും ഖേദമോപ്രയാസമോ പ്രകടമായിട്ടില്ല എന്നാണ്. ഈ കാരണം കൊണ്ട് ഒരിക്കലുംനബിﷺതിരുമേനിക്ക് ദേഷ്യമോ വെറുപ്പോ ഉണ്ടായതുമില്ല. തന്റെ പിതൃവ്യപുത്രന്മാരോടു ഒരിക്കലും ഒരു മത്സരബുദ്ധിയും തോന്നിയിട്ടില്ല. അവിടത്തെ ജീവിതം നമ്മളോടു പറയുന്നത് സാഹചര്യങ്ങൾ മാറിയ പിൽക്കാലത്തുപോലും അവിടന്ന് ഹദ്റത്ത് അലിയെയും ഹദ്റത്ത് ജഅ്ഫറിനേയും തന്റെ സംരക്ഷണയിൽ എടുക്കുകയും എല്ലാ വിധത്തിലും അവരുടെ പുരോഗതിക്കുവേണ്ടി പ്രവർത്തിക്കുകയും ചെയ്തു എന്നാണ്. *(ദീബാച്ച തഫ്സീറുൽ ഖുർആൻ അൻവാറുൽ ഉലൂം, വാല്യം 20 പേജ് 393)*

ഇക്കാലത്ത് നോക്കുക, മുതിർന്നാൽപ്പോലും ആളുകൾ കുട്ടിക്കാലത്തെ ചെറിയ കാര്യങ്ങൾ ഓർത്തുവെക്കുകയും പ്രതികാരം ചെയ്യുകയും ചെയ്യുന്നു. എന്നാൽ, നബിﷺതിരുമേനി സൽപെരുമാറ്റം മാത്രമാണ് കാഴ്ചവെച്ചത്. മുതിർന്ന പ്രായമെത്തിയശേഷം ഇന്ന് നമ്മൾ കണുന്നത് ചിലയാളുകൾക്ക് മറ്റേതെങ്കിലും ബന്ധുക്കളുടെ അടുത്ത് താമസിക്കേണ്ടിവരികയോ പിതാവ് ഇല്ലത്തതുകാരണം 14-15 വയസ്സിൽ അവിടെ കഴിയേണ്ടി വരികയോ ചെയ്യുമ്പോഴുണ്ടാകുന്ന അനുഭവങ്ങളാണ്. അവിടെ ആ ബന്ധുക്കളിൽനിന്ന് എന്തെങ്കിലും അതിക്രമങ്ങൾ നേരിട്ടാൽ അവർ അക്കാര്യങ്ങൾ മറക്കുകയില്ല, അവസരം കിട്ടുമ്പോൾ പ്രതികാരം ചെയ്തുകൊണ്ടേയിരിക്കും. എന്നാൽ, നബിﷺതിരുമേനി ഒരിക്കലും പ്രതികാരംചെയ്തില്ല. പ്രത്യുത അവസരം വന്നപ്പോൾ അവരെ തന്റെ തണലിൽ ചേർത്തുപിടിക്കുകയും അവർക്ക് ശരിയായ ശിക്ഷണം നല്കി അവരെ ഉന്നതമായ പദവിയിലെത്തിക്കുകയും ചെയ്തു. ഉന്നതമായ ധാർമികഗുണങ്ങളുടെ ഭാഗമായുള്ള ക്ഷമയുടെ ഒരു ഭാഗം ശ്രദ്ധിക്കുക:

ഒരിക്കൽ ഒരു സ്ത്രീ, തന്റെ മകൻ മരിച്ചുപോയതിന്റെ പേരിൽഅവന്റെ ഖബറിങ്കൽ ഇരുന്ന് കരയുകയായിരുന്നു. നബിﷺതിരുമേനി അതിലൂടെ കടന്നുപോയപ്പോൾ പറഞ്ഞു: 'അല്ലയോ സ്ത്രീയേ! ക്ഷമിക്കുക. അല്ലാഹുവിന്റെ വിധി എല്ലാവരെയും അതിജയിച്ചു നിൽക്കുന്ന ഒന്നാണ്.' ആ സ്ത്രീക്ക് നബിﷺതിരുമേനിയെ തിരിച്ചറിയാൻ സാധിച്ചില്ല. അവൾ മറുപടിയായി പറഞ്ഞു: 'എന്റെ കുട്ടി മരിച്ചതുപോല നിങ്ങളുടെ കുട്ടിയും മരിച്ചിരുന്നെങ്കിൽ നിങ്ങൾക്ക് അറിയാമായിരുന്നു ക്ഷമ എന്നാലെന്താണെന്ന്!' നബിﷺ

• ഹദീഥുന്നബ്‌വിﷺ •

"സ്വൂമൂ തസ്വിഹ്ഹു'
നോമ്പനുഷ്ഠിക്കുക, ആരോഗ്യം നേടുക.

ദ്വാലിബെ ദുആ
RAHMAN SHAKEER & FAMILY
AHMADIYYAJAMA-ATHKARULAI, KERALA

• ഹദീഥുന്നബ്‌വിﷺ •

"അൽ അയ്നു ഹഖ്ഖുൻ."
കണ്ണേറ് യാഥാർഥ്യമാണ്.

ദ്വാലിബെ ദുആ
P. ABDULAMEER
AHMADIYYAJAMA-ATHMANJERY, KERALA

തിരുമേനി ഇപ്രകാരം പറഞ്ഞു കൊണ്ട് അവിടെനിന്ന് മുന്നോട്ടുനടന്നു: ‘ഒന്നല്ല, എന്റെ ഏഴു മക്കൾ മരിച്ചുകഴിഞ്ഞിട്ടുണ്ട്.*(ദീബാച്ച തഫ്സീറുൽ ഖുർആൻ അൻവാറുൽ ഉലൂം, വാള്യം 20 പേജ് 394)*

ഇത്തരത്തിലുള്ള സന്ദർഭങ്ങളിൽ കഴിഞ്ഞുപോയ ദുഃഖങ്ങളെ കുറിച്ച് ഇത്രമാത്രമെ അവിടന്ന് പ്രകടിപ്പിച്ചിട്ടുള്ളൂ. ഒരിക്കലും അതിലപ്പുറം ഒന്നുംതന്നെ പറഞ്ഞിട്ടില്ലആ സങ്കടം കാരണം മനുഷ്യസേവനത്തിൽ ഒരു കുറവും വരുത്തിയിട്ടില്ല.

നബിﷺതിരുമേനിയുടെ സഹിഷ്ണുതയുടെ അവസ്ഥ എങ്ങനെയായിരുന്നെന്നാൽ, അല്ലാഹു നബിﷺതിരുമേനിക്ക് ഭരണം നൽകിയപ്പോഴും അവിടന്ന് എല്ലാവരുടേയും വാക്കുകൾ ശ്രദ്ധിച്ചുകേ ൾക്കുമായിരുന്നു. ആരെങ്കിലും കർക്കശമായി പെരുമാറിയാൽപ്പോലും അവിടന്ന് മൗനം പാലിക്കുമായിരുന്നു. കർശനമായി പെരുമാറുന്നവർക്ക് ഒരിക്കലും കാർക്കശ്യത്തോടെ മറുപടി നൽകിയിരുന്നില്ല.

ചരിത്രത്തിൽ എഴുതിയിരിക്കുന്നു: മുസ്‌ലിമീങ്ങൾ നബിﷺതിരുമേനിയെ പേരു വിളിക്കുന്നതിനു പകരം അവിടത്തെ ആത്മീയ പദവി (യാ റസൂലല്ലാഹ്)വിളിച്ച് ബഹുമാനിച്ചിരുന്നു. ഇതര മതസ്ഥർ നബിﷺതിരുമേനിയെ ‘മുഹമ്മദ്’ എന്ന് വിളിക്കുന്നതിനുപകരം അക്കാലത്തെ മര്യാദയനുസരിച്ച് ‘അബുൽ ഖാസിം’ (ഖാസിമിന്റെ പിതാവ്) എന്ന സ്ഥാനപ്പേര് വിളിച്ച് ആദരിച്ചിരുന്നു. നബിﷺതിരുമേനിയുടെ മരിച്ചുപോയ മകന്റെ പേരായിരുന്നു ഖാസിം.

ഒരിക്കൽ മദീനയിൽ വന്ന ഒരു യഹൂദി നബിﷺതിരുമേനിയോടു തർക്കിക്കാൻ തുടങ്ങുകയും സംസാരത്തിന്നിടയിൽ ആവത്തിച്ചാവർത്തിച്ച് ഹേ!മുഹമ്മദ്, ഹേ! മുഹമ്മദ് എന്നു വിളിക്കുകയും ചെയ്തു. കാര്യം ഇപ്രകാരമാണ്, ‘ഹേ!മുഹമ്മദേ! ഹേ!മുഹമ്മദേ കാര്യംഇപ്രകാരമാണെന്ന്ആവർത്തിച്ചു പറഞ്ഞു കൊണ്ടിരുന്നു. നബിﷺതിരുമേനി ഒരുവിധ അസ്വസ്ഥതയുംകൂടാതെ അയാളുടെ ചോദ്യങ്ങൾക്ക്മറുപടി നൽകിക്കൊണ്ടിരുന്നു. എന്നാൽ, അയാളുടെ ഈ ധിക്കാരം കണ്ട് സ്വഹാബാക്കൾഅത്യധികം അസ്വസ്ഥരാകുന്നുണ്ടായിരുന്നു. ഒടുവിൽ ഒരു സ്വഹാബിക്ക് സഹിക്കാൻ കഴിഞ്ഞില്ല. അദ്ദേഹം ആ യഹൂദിയോടുപറഞ്ഞു: ‘ഒന്നു സൂക്ഷിച്ചുകൊള്ളുക, നബിﷺ തിരുമേനിയുടെ പേര് വിളിച്ച് സംസാ രിക്കരുത്. നിങ്ങൾക്ക് ‘റസൂലുല്ലാഹ്’ എന്ന് വിളിക്കാൻ കഴിയില്ലെങ്കിൽകുറഞ്ഞപക്ഷം ‘അബുൽ ഖാസിം’ എന്നെങ്കിലും വിളിച്ചുകൂടെ!’ യഹൂദി മറുപടി നൽകി: ‘അദ്ദേഹത്തിന്റെ മാതാപിതാക്കൾ അദ്ദേഹത്തിന് നൽകിയ പേരുതന്നെ ഞാൻ വിളിക്കും.’ ഇതുകേട്ട് നബിﷺ തിരുമേനി പുഞ്ചിരിക്കുകയും സ്വഹാബാക്കളോടു ഇപ്രകാരം പറയുകയും ചെയ്തു: ‘നോക്കൂ, ഇദ്ദേഹം പറയുന്നത് ശരിയാണ്. എന്റെ മാതാപിതാക്കൾ എനിക്ക് മുഹമ്മദ് എന്നു തന്നെയാണ് പേരിട്ടത്. ഇദ്ദേഹം ഏതുപേരാണോ വിളിക്കാനാഗ്രഹിക്കുന്നത് അതു വിളിച്ചുകൊള്ളട്ടെ, ഇതിൽ നിങ്ങൾ രോഷം കൊള്ളേണ്ട.’

സഹിഷ്ണുതയുടെഅവസ്ഥ എങ്ങനെയായിരുന്നെന്നാൽ, ചിലപ്പോൾ അവിടന്ന് ഏതെങ്കിലും ആവശ്യത്തിന്പുറത്തിറങ്ങുമ്പോൾ ചിലയാളുകൾ വഴി തടഞ്ഞു നിൽക്കുകയും തങ്ങളുടെ ആവശ്യങ്ങൾ വിവരിക്കാൻ തുടങ്ങുകയും ചെയ്യുമായിരുന്നു. അവർ സംസാരിച്ചു തീരുന്നതുവരെ നബിﷺ തിരുമേനി അവിടെത്തന്നെ നിൽക്കുമായിരുന്നു.

അതുപോലെ ചിലയാളുകൾക്ക് ഹസ്തദാനം (ഞൗമെളമവ) ചെയ്താൽ കൈകൾ ഏറെനേരം പിടിച്ചുവെക്കുന്ന ശീലമുണ്ടായിരുന്നു. അപ്പോൾ അവിടന്ന് അവരുടെ കൈകൾ ഏറെനേരംപിടിച്ചുകൊണ്ടിരിക്കും. ഇതൊരു അഭികാമ്യമായരീതിയല്ലെങ്കിൽപ്പോലും നബിﷺതിരുമേനി ഒരിക്കലും അവരുടെ കൈയിൽനിന്ന് തന്റെ കൈ ബലമായി പിൻവലിക്കുമായിരുന്നില്ല.*(ദീബാച്ച തഫ്സീറുൽ ഖുർആൻ, അൻവാറുൽഉലൂം വാള്യം 20, പേജ് 394–395)*

എല്ലാത്തരം ആവശ്യക്കാരും തങ്ങളുടെ ആവശ്യങ്ങൾ നബിﷺ തിരുമേനിയുടെ മുമ്പിൽ അവതരിപ്പിക്കുമായിരുന്നു. ചിലപ്പോൾ ചോദിക്കുന്നവർക്ക് അവരുടെ ആവശ്യാനുസരണംഎന്തെങ്കിലും നല്കിയാൽ അവർ തങ്ങളുടെ ആർത്തികാരണം കൂടുതൽ ചോദിക്കുമായിരുന്നു. നബിﷺ തിരുമേനി അതും പൂർത്തീകരിച്ചുകൊടുക്കുമായിരുന്നു.


ചിലപ്പോൾ ആളുകൾ ചോദിച്ചുകൊണ്ടേയിരിക്കും. അവിടന്ന് ഓരോതവണയുംഅവർക്കെന്തെങ്കിലുമൊക്കെ നൽകിക്കൊണ്ടിരിക്കും. ഇങ്ങനെയുള്ള സാഹചര്യങ്ങളിൽ ചോദിക്കുന്നയാൾ അങ്ങേയറ്റം ആത്മാർഥയുള്ളവനാണെന്ന് (ഞൗസവഹശ) കണ്ടാൽ, അയാൾ ചോദിച്ചതു നല്കിയ ശേഷം അയാളോടു അവിടന്ന് ഇപ്രകാരം മാത്രം പറയുമായിരുന്നു: ‘നീ അല്ലാഹുവിൽ ഭരമേൽപ്പിച്ചിരുന്നെങ്കിൽ (ഠമംമസസൗഹ)അതു കൂടുതൽ നന്നായേനെ.’

ഒരിക്കൽ ഒരു സ്വഹാബി ആവർത്തിച്ച് നിർബന്ധംപിടിച്ച്തന്റെ ആവശ്യങ്ങൾക്കുവേണ്ടി പലതവണ പണം ചോദിച്ചു. നബിﷺതിരുമേനി അയാളുടെ ആവശ്യം പൂർത്തീകരിച്ചു കൊടുത്തു. എങ്കിലും അവസാനം ഇപ്രകാരം പറഞ്ഞു:“മനുഷ്യൻ അല്ലാഹുവിൽ ഭരമേൽപ്പിക്കലാണ്(തവക്കുൽ ചെയ്യുന്നതാണ്) ഏറ്റവും ഉത്തമമായ പദവി. ആ സ്വഹാബിയിൽ ആത്മാർഥതയും മര്യാദയുംഉണ്ടായിരന്നു. താൻ വാങ്ങിയത് മര്യാദകാരണം അദ്ദേഹംതിരിച്ചു നല്കിയില്ലെങ്കിലും ഭാവിയെക്കുറിച്ച് അദ്ദേഹം ഇപ്രകാരം അപേക്ഷിച്ചു: ‘യാ റസൂലല്ലാഹ്! ഇത് എന്റെ അവസാനത്തെ കാര്യമാണ്. ഇനി ഭാവിയിൽ ഒരുസാഹചര്യത്തിലും ഞാൻ ആരോടും ഒന്നും ചോദിക്കുകയില്ല.’

ഇതേ സ്വഹാബിയെ കുറിച്ച് ഒരു സംഭവമുണ്ട്. ഒരിക്കൽ ഒരു യുദ്ധം നടക്കുകയായിരുന്നു. അത്യന്തം അപകടകരമായ യുദ്ധസാഹചര്യമായിരുന്നു അത്. കുന്തങ്ങളും അമ്പുകളും വാളുകളും പാഞ്ഞുകൊണ്ടിരിക്കുകയാണ്. സൈനികർ തമ്മിൽ ശക്തമായി പോരാടുന്നു.ഗളച്ഛേദങ്ങൾ നടക്കുകയായിരുന്നു. അവർ ശത്രുക്കളുടെ വലയത്തിലിരിക്കുന്ന ആ കൃത്യനേരത്ത് അദ്ദേഹത്തിന്റെ കൈയിലുണ്ടായിരുന്ന ചാട്ടവാർ താഴെ വീണു. കൂടെയുണ്ടായിരുന്ന കാലാൾപ്പടയിലെ ഒരു സഹോദരൻ തന്റെ ഓഫീസർ താഴെ ഇറങ്ങിയാൽ വല്ല അപകടവും സംഭവിച്ചാലോ എന്നുകരുതി ആ ചാട്ടവാർ കുനിഞ്ഞെടുത്ത് അദ്ദേഹത്തിന് നൽകാനാഗ്രഹിച്ചു. ആ സ്വഹാബിയുടെ ദൃഷ്ടി ആ സൈനികനിൽ പതിഞ്ഞു, അദ്ദേഹം വിളിച്ചു പറഞ്ഞു: ‘എന്റെ സഹോദരാ! ദൈവത്തെ ഓർത്ത് സത്യം ചെയ്തു പറയുന്നു:ആ ചാട്ടവാറിൽകൈ തൊടരുത്.’ ഇതു പറഞ്ഞുകൊണ്ട് അദ്ദേഹം കുതിരപ്പുറത്തുനിന്ന് താഴേക്ക്ചാടിയിറങ്ങി. ചാട്ടവാർ തന്റെ കൈയിലെടുത്തു. പിന്നീട് അദ്ദേഹം തന്റെ കൂട്ടുകാരനോടു പറഞ്ഞു: ‘ഞാൻ നബിﷺതിരുമേനിയോടു ഒരു പ്രതിജ്ഞ ചെയ്തിരുന്നു, ഞാൻ ആരോടും ഒന്നും ചോദിക്കുകയില്ലെന്ന്. ഞാൻ ആ ചാട്ടവാർ നിന്നെക്കൊണ്ടെടുപ്പിച്ചിരുന്നെങ്കിൽ, ഞാൻ നാവുകൊണ്ട് നിന്നോടു ചോദിച്ചിട്ടില്ലെങ്കിലുംസാഹചര്യത്തിന്റെ ഭാഷയിൽഅതൊരു ചോദിക്കലായി മാറുമായിരുന്നു. അങ്ങനെ ചെയ്യുന്നത് എന്നെ വാഗ്ദാന ലംഘകനാക്കുമായിരുന്നു.’ ആ അപകടകരമായ അവസ്ഥയിലും അദ്ദേഹത്തിന് തന്റെ വാഗ്ദാനം ഓർമ്മയുണ്ടായിരുന്നു.”*(ദീബാച്ച തഫ്സീറുൽ ഖുർആൻ, അൻവാറുൽഉലൂം വാള്യം 20, പേജ് 395–396)*

അപ്രകാരംനബിﷺതിരുമേനിയുടെ ജീവിതചര്യയെക്കുറിച്ച് ഇനിയും ഒരുപാട് കാര്യങ്ങളുണ്ട്. അവിടത്തെ നീതിയെകുറിച്ചും വികാരങ്ങളെ ബഹുമാനിക്കുന്നതിനെകുറിച്ചും ദരിദ്രരോടുള്ള പരിഗണനയെക്കുറിച്ചുമുള്ള കാര്യങ്ങൾ നമുക്കെന്നും ഒരുത്തമ മാതൃകയാണ്. ദരിദ്രരുടെ സ്വത്ത് സംരക്ഷിക്കുന്നതിനെക്കുറിച്ചും, സ്ത്രീകളോടുള്ള സൽപെരുമാറ്റത്തെക്കുറിച്ചും ഞാൻ നേരത്തെ സൂചിപ്പിച്ചതുപോലെ സ്വന്തം വീട്ടിലെ ഭാര്യമാരോടും പൊ

ഹദീഥുന്നബവിﷺ
‘ഇജ്ത്തനിബൂ കുല്ല മുസ്കിരിൻ.’
എല്ലാത്തരം ലഹരി പദാർഥങ്ങളിൽനിന്നും രക്ഷപ്പെട്ടുകൊള്ളുവിൻ.
TIMBELLA
BEAUTY FROM TIMBER
—NILAMBUR—
SCAN(BAR-CODE) FOR OUR NILAMBUR TEAK FURNITURES
ത്വാലിബെ ദുആ
BEAUTY FROM TIMBER NILAMBUR
FURNITURES FOR ENQUIRY CALL. :9744366004, 8086399638

ഹദീഥുന്നബവിﷺ
“അൽമുഹ്തകിറു മൽഊനുൻ.”
വില കൂടുമ്പോൾ വിൽക്കാനായി ധാന്യം പൂഴ്തിവെക്കുന്നവൻ ദൈവകാരുണ്യത്തിൽനിന്ന് വിദൂരസ്ഥനാണ്.

tectona
feels more confidence
All Types Of Quality Furniture
ത്വാലിബെ ദുആ
Prop.M.SHAFIQ - 80752 12141 , M.MUSTAFA - 91887 68150
M.MUNEER - 99468 71947, KARULAI, MALAPURAM

തുവായ സ്ത്രീകളോടും നബി ﷺതിരുമേനി അത്യധികം കാരുണ്യത്തോടെയാണ് പെരുമാറിയിരുന്നത്. അയൽവാസികളോടും ബന്ധുക്കളോടുമുള്ള പെരുമാറ്റം ഉൾപ്പെടെ മനുഷ്യ സേവനത്തെ കുറിച്ചുംഅസംഖ്യം കാര്യങ്ങൾ ആ പുണ്യാത്മാവിന്റെ ജീവിത മാതൃകയിൽ നമുക്ക് കാണാൻ സാധിക്കും. മറ്റുള്ളവരുടെ സമ്പത്ത് സംരക്ഷിക്കുന്നതിനും, അന്യരുടെ ദോഷങ്ങൾ മറച്ചുവെക്കുന്നതിനും നബിﷺതിരുമേനി എത്രത്തോളം പരിശ്രമിച്ചിരുന്നുവെന്നുംപരസ്പര സഹകരണത്തെക്കുറിച്ച് അവിടന്ന് എന്താണ് പറഞ്ഞിരുന്നതെന്നും നബിﷺ തിരുമേനിയുടെ പ്രവൃത്തികൾ വ്യക്തമാക്കുന്നു. മറ്റുള്ളവരുടെ വീഴ്ചകൾ മറച്ചുവെക്കുന്നതിലും അവിടന്ന് എപ്രകാരമായിരുന്നു പ്രവത്തിച്ചിരുന്നത്? സത്യസന്ധതയെക്കുറിച്ചുള്ള ഉപദേശങ്ങളെന്തായിരന്നു? ദുർവിചാരങ്ങളിൽനിന്നും അന്യരുടെ സ്വകാര്യതയിലേക്ക് എത്തിനോക്കുന്നതിൽനിന്നും നിരാശയിൽനിന്ന് വിട്ടുനിൽക്കുന്നതിനെക്കുറിച്ചും നബിﷺതിരുമേനി എന്താണ് പറഞ്ഞത്? മൃഗങ്ങളോടുള്ള കാരുണ്യത്തെ കുറിച്ചും മതപരമായ സഹിഷ്ണുതയെകുറിച്ചുംഅവിടന്ന് പഠിപ്പിച്ചു. ഇവയെല്ലാം നമുക്ക് സമ്പൂർണ്ണമായ മാതൃകയാണ്. ഞാൻ നേരത്തെ പറഞ്ഞതുപോലെ, സന്ദർഭാനുസരണം ഭാവിയിൽ ഇൻശാ അല്ലാഹ് ഇക്കാര്യങ്ങൾ ഞാൻ വിവരിച്ചുകൊണ്ടിരിക്കും. ഇപ്പോൾ ഞാൻ ഈ വിഷയം ഇവിടെ അവസാനിപ്പിക്കുകയും ഹദ്റത്ത് മസീഹ് മൗഊദ്ؑന്റെ ഒരു ഉദ്ധരണി കേൾപ്പിക്കുകയുമാണ്. ഹദ്റത്ത് മസീഹ് മൗഊദ്ؑപറയുന്നു:'ഏതൊരു മനുഷ്യനാണോ തന്റെ സത്തകൊണ്ടും സത്ഗുണങ്ങൾകൊണ്ടും പ്രവർത്തികൾകൊണ്ടും കർമങ്ങൾ കൊണ്ടും തന്റെ ആത്മീയവും പരിശുദ്ധവുമായ കഴിവുകളുടെ പ്രബലമായ പ്രവാഹംകൊണ്ടും അറിവിലും പ്രവൃത്തിയിലും സത്യസന്ധതയിലും സ്ഥൈര്യത്തിലും ഒരു സമ്പൂർണ്ണ മാതൃക (ഒീറല ഹ ീള ുലൃളലരശീി) കാണിച്ച് 'ഇൻസാനെ കാമിൽ' (സമ്പൂർണ്ണ മനുഷ്യൻ) എന്ന് വിളിക്കപ്പെട്ടത്; ആ അനുഗൃഹീത പ്രവാചകൻ, ഖാതമുൽ അമ്പിയാ, ഇമാമുൽ അസ്ഫിയാ, ഖാത്തമുൽ മുർസലീൻ, ഫഖ്റുൽ മുർസലീനായ ജനാബ് മുഹമ്മദു മുസ്തഫാ ﷺആകുന്നു. ഓ ദൈവമേ! പ്രിയപ്പെട്ട ദൈവമേ! ലോകാരംഭം മുതൽ നീ ആർക്കും നൽകാത്ത വിധത്തിലുള്ള കാരുണ്യവും അനുഗ്രഹങ്ങളും(ദുറൂദ്) ആ പ്രിയപ്പെട്ട പ്രവാചകന്റെമേൽ ചൊരിയേണമേ."(*അത്മാമുൽ ഹുജ്ജ റൂഹാനീ ഖസാഇൻ വാള്യം 8, പേജ് 308*)

അതുകൊണ്ട് നബിﷺതിരുമേനിയുടെ ജീവിതമാതൃക പിന്തുടർന്ന് യഥാർഥ മുസ്‌ലിമീങ്ങളാകാൻഅല്ലാഹു നമുക്ക് തൗഫീഖ് നൽകുമാറാകട്ടെ. നബിﷺ തിരുമേനിയുടെ കൊടിക്കീഴിൽ ലോകത്തെ കൊണ്ടുവരാൻ തക്കവണ്ണം അവിടത്തെ സന്ദേശം ലോകമെങ്ങും എത്തിക്കുന്നവരായി മാറാൻ അല്ലാഹു നമ്മെ അനുഗ്രഹിക്കുമാറാകട്ടെ. അല്ലാഹു നമുക്കതിന് തൗഫീഖ് നൽകുമാറാകട്ടെ. അല്ലാഹുമ്മ സ്വല്ലി അലാ മുഹമ്മദിൻ വഅലാ ആലി മുഹമ്മദിൻ വബാരിക് വസല്ലിം ഇന്നക്ക ഹമീദുൻ മജീദുൻ

നമസ്കാരത്തിനുശേഷം ഞാൻ ജനാസയും നമസ്കരിപ്പിക്കുന്നതാണ്. ജനാസ എത്തിയിട്ടുണ്ടോ? യു.കെ.യിൽമിഷണറിയായി സേവനമനുഷ്ഠിച്ചിരുന്ന ബഹുമാനപ്പെട്ട ലഈഖ് അഹ്മദ് ത്വാഹിർ സാഹിബിന്റെ ജനാസയാണ് ഇവിടെയുള്ളത്. കഴിഞ്ഞ ദിവസം 83-ാം വയസ്സിൽ അദ്ദേഹം വഫാത്തായി. ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ. പരേതൻ മൂസിയായിരുന്നു. അദ്ദേഹത്തിന്ഒരു മകളും മൂന്നു ആൺ മക്കളുമുണ്ട്.

ലഈഖ് ത്വാഹിർ സാഹിബ് ഹദ്റത്ത് മസീഹ് മൗഊദ്ؑന്റെ സ്വഹാബിയായ ഹദ്റത്ത് ശെയ്ഖ്ഫള്ൽ അഹ്മദ് സാഹിബ് ബട്ടാലവിയുടെؓ മകനായിരുന്നു. ഖാദിയാനിലാണ് ജനിച്ചത്. അദ്ദേഹത്തിന്റെ പിതാവ് 1907-ൽ നേരിട്ട് ഹദ്റത്ത് മസീഹ് മൗഊദിന് ബയ്അത്ത് ചെയ്തു. മെട്രിക് വിദ്യാഭ്യാസത്തിനുശേഷം 1959-ൽ ലഈഖ് സാഹിബ് തന്റെ ജീവിതം വഖ്ഫു അഥവാ ദീനിനുവേണ്ടി സമർപ്പിക്കുകയും റബ്‌വയിലെ ജാമിഅ അഹ്മദിയ്യായിൽ പ്രവേശനം നേടുകയും ചെയ്തു. 1966-ൽ ജാമിഅയിൽ നിന്ന് പഠനം പൂർത്തിയാക്കി. പഠനകാലത്ത് അദ്ദേഹം എഫ്.എ, അദീബ് ഫാളിൽ, അറബിക് ഫാളിൽ എന്നീ കോഴ്സുകളും പൂർത്തിയാക്കിയിരുന്നു. ജാമിഅയിൽനിന്ന് പുറത്തിറങ്ങിയ ശേഷം പഞ്ചാബ് യൂണിവേഴ്സിറ്റിയിൽനിന്ന് ബി.എ ബിരുദവും കരസ്ഥമാക്കി. 1967 ജൂലൈയിൽ അദ്ദേഹത്തെ മിഷണറിയായി ഇംഗ്ലണ്ടിൽ അയച്ചു. ലണ്ടനിലെ മസ്ജിദ് ഫള്ലിൽ നാഇബ് ഇമാമായി സേവനമനുഷ്ഠി ക്കാൻ അദ്ദേഹത്തിന് തൗഫീഖ് ലഭിച്ചു. 1970-ൽ പാക്കിസ്താനിലേക്ക് മടങ്ങിയ അദ്ദേഹം ഇസ്‌ലാഹ് വ ഇർശാദ് വകുപ്പിന് കീഴിൽ വിവിധയിടങ്ങളിൽ മിഷണറിയായി ജോലി ചെയ്തു. പിന്നീട് അദ്ദേഹത്തെ തസ്നീഫ് (ഗ്രന്ഥരചനാ വിഭാഗം) വകുപ്പിലേക്ക് മാറ്റി. അദ്ദേഹം മൗലാനാ അബുൽ മുനീർ നൂറുൽ ഹഖ് സാഹിബിന്റെ മരുമകനായിരുന്നു. സേവനകാലയളവിൽ അദ്ദേഹം ജാമിഅയിൽ അധ്യാപകനായി നിയമിതനാകുകയും പത്തുവർഷത്തോളം ആ ചുമതല നിർവ്വഹിക്കുകയും ചെയ്തു. 1982-ൽ വക്കാലത്തെതബ്ശീറിൽ നാഇബ് വക്കീൽ തബ്ശീറായി നിയമിതനായി. ജാമിഅ പഠനകാലത്തും പാക്കിസ്താനിൽ മിഷണറിയായിരുന്നപ്പോഴും ഖുദ്ദാമുൽ അഹ്മദിയ്യ ഉൾപ്പെടെയുള്ള പോഷക സംഘടനകളിൽ അദ്ദേഹംസേവനം അനുഷ്ഠിച്ചുകൊണ്ടിരുന്നു. 1986-ൽ അദ്ദേഹത്തെ മിഷണറിയായി അമേരിക്കയിൽ അയച്ചു. അതേ വർഷംതന്നെ ഹദ്റത്ത്ഖലീഫത്തുൽ മസീഹ് റാബിഅ്(റഹ്) അദ്ദേഹത്തെഗ്ലാസ്ഗോയിലേക്ക് മാറ്റുകയും അവിടെ മിഷണറിയായി സേവനമനുഷ്ഠിക്കാൻ തൗഫീഖു കിട്ടുകയും ചെയ്തു. 2005-ൽ യു.കെ.ജാമിഅ ആരംഭിച്ചപ്പോൾഅദ്ദേഹം അവിടുത്തെ പ്രിൻസിപ്പാലായി നിയമിതനായി. ഏകദേശം 59 വർഷത്തെ ദീർഘമായ സേവനകാലയളവാണ് അദ്ദേഹത്തിന്റേത്.

മസ്ജിദ് ഫള്ൽ ഇമാമായിരുന്ന അത്വാഉൽ മുജീബ് റാശിദ് സാഹിബ് പറയുന്നു: 'പരേതൻ ഇസ്‌ലാംമതത്തിന്റെ പോരാളിയും ഖിലാഫത്തിന്റെ വിശ്വസ്തനായ സേവകനുമായിരന്നു. ജീവിതം ദീനിനുവേണ്ടി സമർപ്പിച്ചതിന്റെ, വഖ്ഫു ചെയ്തതിന്റെതാൽപര്യങ്ങൾപൂർണ്ണമായി നിറവേറ്റിയ സമർഥനായൊരു മിഷണറിയായിരുന്നു അദ്ദേഹം. അങ്ങേയറ്റം മധുരമായ ശൈലിയിലുംസ്വാധീനമുണ്ടാക്കുന്ന അവസ്ഥയിലും അദ്ദേഹം ഖുർആൻ പാരായണം ചെയ്യുമായിരുന്നു.

പേജ് 1ൽ നിന്ന്

ച്ചും നാണംകെട്ട ജീവിതമാണ്. ഇത് അവരുടെതന്നെ അധ്യാപനത്തിന്റെ ഫലമാണ്. ഏതെങ്കിലും കാര്യത്തെ വഞ്ചനയിൽനിന്ന് രക്ഷിക്കാനാഗ്രഹിക്കുന്നെങ്കിൽ അതിനെ കാത്തുസൂക്ഷിക്കുക. പക്ഷേ കാത്തു സൂക്ഷിക്കുന്നില്ലെങ്കിൽ, മനസ്സിലാക്കുക, ശുദ്ധതിക്കാരയവർ ഓർമ വെക്കുക, തീർച്ചയായും ആ വസ്തു നശിച്ചു പോകുന്നതായിരിക്കും.' സമൂഹം നല്ലതായിരിക്കുന്നു, നമ്മളെ ആരും കാണുന്നില്ല, ഇവിടുത്തെ ചുറ്റുപാടിൽ പർദയുടെ ആവശ്യമില്ല കാരണം ആളുകൾക്ക് നോക്കിനടക്കുന്ന ശീലമില്ല എന്ന തെറ്റുധാരണയിലിരിക്കരുത്. നിഷ്കളങ്കരായ ആളുകളാണെന്ന് മനസ്സിലാക്കിയിരിക്കുകയാണെങ്കിൽ ഓർമിക്കുക, തീർച്ചയായും അവർ നശിക്കുന്നതായിരിക്കും.(മൽഫൂദാത്ത് വാള്യം 1, പേജ് 29-30, പുതിയ പതിപ്പ്)


• ഹദീഥുന്നബ്‌വിﷺ •



മരിച്ചവരെ ചീത്ത പറയരുത്,
എന്തുകൊണ്ടെന്നാൽ അവർ മുമ്പേ
അയച്ചിട്ടുള്ളതിലേക്കാണ് പോയിരിക്കുന്നത്.
(ബുഖാരി 23:77)

ത്വാലിബെ ദുആ
**SERA SPORTS,** P.I.GROUND FLOOR
ARAFAH ARCADE 4/45A, 4/45 A1, IRINGALOOR, OPP
GOVT.H.S.S, OLAVANN, MOB-8845680091

• ഹദീഥുന്നബ്‌വിﷺ •

"അന്നദമു തൗബത്തുൻ."
ചെയ്ത പാപത്തിൽ ലജ്ജിക്കുന്നതാണ് യഥാർഥ പശ്ചാത്താപം.

ത്വാലിബെ ദുആ
**E.H.NAJEEB AND FAMILY**
KAKKANAD, ERNAKULAM

• ഹദീഥുന്നബ്‌വിﷺ •

"ലാ തതമന്നഉൽമൗത."
മരണം ആഗ്രഹിക്കരുത്.

ത്വാലിബെ ദുആ
**P. SAFFAR AHMAD &FAMILY**
JAMA'ATH KARULAI, MALAPPURAM,KERALA.

# ദിവ്യദൃഷ്ടാന്തങ്ങൾ സ്വന്തം തൂലികയിലൂടെ

## വാഗ്ദത്ത മസീഹ് ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് عليه السلام

### ദൃഷ്ടാന്തം:1

സുലയ്മാൻ ബിൻ ദാവൂദ്, ഇബ്നുവഹ്ബ്, സയീദ് ബിൻ അബീ അയ്യൂബ്, ശറാഹീൽ ബിൻ യസീദ്, അബീഅൽഖമഃ, എന്നിവർ അബൂഹുറയ്റായിൽനിന്ന് നിവേദനം. അൻറസൂലുല്ലാഹിﷺ **ഇന്നല്ലാഹ യബ്അഥു ലിഹാദിഹിൽ ഉമ്മത്തി അലാ റഅ്സി കുല്ലി മിഅ്ത്തി സനത്തിൻ മൻയ്യുജദ്ദിദു ലഹാ ദീനഹാ** *(അബൂദാവൂദ്, കിതാബു മലാഹിം, ബാബു മാ യദ്കറു ഫീ ഖർനിൽ മിഅ്ത്തി)*

നബിﷺതിരുമേനി പറഞ്ഞു:"ഓരോ നൂറ്റാണ്ടിന്റേയും തലയക്കൽ ദീനിനെ പരിഷ്കരിക്കുന്നതിന് ഈ ഉമ്മത്തിനുവേണ്ടി ഒരാളെ അല്ലാഹു നിയോഗിക്കുന്നതായിരിക്കും." ഇപ്പോൾ ഈ നൂറ്റാണ്ടിന്റെ 24 വർഷവും തീരാൻപോകുകയാണ്. നബിﷺതിരുമേനി പറഞ്ഞതിൽ വാഗ്ദത്ത ലംഘനമുണ്ടാകുക സംഭാവ്യമല്ല. ഈ ഹദീഥ് ആധികാരികമാണെങ്കിൽ 12 നൂറ്റാണ്ടിൽ വന്ന മുജദ്ദിദുമാരുടെ പേരു പറയുക എന്ന് ആരെങ്കിലും പറഞ്ഞാൽ, അതിന്റെ മറുപടി ഇതാണ്: ഈ ഹദീഥ് മുസ്ലിം ഉമ്മത്തിലെ പണ്ഡിതന്മാർ ആധികാരികമെന്ന് നിരന്തരം പറഞ്ഞു വന്നിട്ടുള്ളതാണ്. എന്റെ വാദത്തിന്റെ കാലത്ത് ഈ ഹദീഥ് കറ്റുകെട്ടാണെന്ന് പറയുകയാണെങ്കിൽ അത് ഈ മൗലവിമാരിൽനിന്ന് പ്രതീക്ഷിക്കാവുന്നതേയുള്ളു. ചില ഏറ്റവും വലിയ മുഹദ്ദിഥുമാർ(ഹദീഥു പണ്ഡിതന്മാർ) അവരവരുടെ കാലത്ത് സ്വയം മുജദ്ദിദാണെന്ന് വാദിച്ചിട്ടുണ്ട്. ചിലർ മറ്റുചിലരെ മുജദ്ദിദാക്കാൻ ശ്രമിച്ചിട്ടുമുണ്ട്. ഇനി ഹദീഥ് സ്വഹീഹ് അല്ലെങ്കിൽ, ആധികാരികമല്ലെങ്കിൽ അവർ സത്യസന്ധതയോടെ പ്രവർത്തിച്ചില്ല എന്നാണർഥം. എല്ലാ മുജദ്ദിദുമാരുടേയും പേരുകൾ ഓർമവെക്കുക എന്നത് നമുക്കു നിർബന്ധമല്ല. അങ്ങനെയുള്ള സർവാവരണം ചെയ്യുന്ന അറിവ് ദൈവത്തിനു മാത്രമുള്ളതാണ്. അല്ലാഹു എനിക്കു വെളിപ്പെടുത്തിത്തന്നതൊഴികെയുള്ള പരോക്ഷകാര്യങ്ങൾ അറിയാമെന്ന് എനിക്ക് വാദമില്ല. അതിലുപരി ഈ ഉമ്മത്ത് ലോകം മുഴുവൻ വ്യാപിച്ചു കിടക്കുകയുമാണ്. ദൈവികയുക്തി ചിലപ്പോൾ ചിലരാജ്യത്ത് മുജദ്ദിദിനെ സൃഷ്ടിക്കുന്നു; ചിലപ്പോൾ ചില രാജ്യത്തും. ദൈവികപ്രവർത്തികളുടെ സമ്പൂർണജ്ഞാനം ആർക്കാണുണ്ടാകുക? അവന്റെ പരോക്ഷമായ മേലധികാരം ആർക്കാണ് ആവരണം ചെയ്യാൻ സാധിക്കുക. ഹദ്റത്ത് ആദംﷺമുതൽ നബിﷺതിരുമേനിവരെ എല്ലാ ഓരോ ജനതയിലും എത്ര പ്രവാചകന്മാർ വന്നിട്ടുണ്ടെന്ന്എനിക്ക് ദയവുചെയ്ത് പറഞ്ഞുതരിക. നിങ്ങളിതു പറഞ്ഞുതരികയാണെങ്കിൽ മുജദ്ദിദുമാരുടെ പേരുകൾ ഞാനും പറഞ്ഞുതരാം. വളരെ പ്രകടമായ കാര്യമെന്തെന്നാൽ, ഏതെങ്കിലും ഒരു കാര്യത്തെ സംബന്ധിച്ച അജ്ഞത, അതിന്റെ അസ്തിത്വത്തെ നിഷേധിക്കാൻ പര്യാപ്തമല്ല.

കൂടാതെ, അഹ്ലുസുന്നത്തിന്റെ ഐകകണ്ഠ്യേനയുള്ള തീരുമാനമാണ് ഈ ഉമ്മത്തിലെ അവസാന മുജദ്ദിദ് വാഗ്ദത്ത മസീഹ് ആയിരിക്കുമെന്നുള്ളത്. അദ്ദേഹം അവസാന കാലത്ത് വെളിപ്പെടുന്നതായിരിക്കും. ഇപ്പോൾ, ഈ കാലഘട്ടം അവസാന കാലഘട്ടമാണോ എന്നതാണ് പ്രശ്നം. യഹൂദികളും ക്രിസ്ത്യാനികളും, രണ്ടു ജനതകളും ഇതു അവസാനകാലമാണെന്ന് ഏകോപിച്ച അഭിപ്രായമുൾക്കൊള്ളുന്നവരാണ്. വേണമെങ്കിൽ ചോദിച്ചുനോക്കിക്കൊള്ളുക. പകർച്ചവ്യാധികൾ പടർന്നുകൊണ്ടിരിക്കുന്നു. ഭൂകമ്പങ്ങൾ വന്നുകൊണ്ടിരിക്കുന്നു. എല്ലാതരത്തിലുള്ള അമാനുഷികമായ നാശങ്ങളും തുടങ്ങിയിരിക്കുന്നു. എന്നിട്ടും ഇത് അവസാന കാലമല്ലേ? ഈ ഉമ്മത്തിലെ സ്വുലഹായും അതായത് സ്വാലിഹീങ്ങളായ ആളുകളും ഈ കാലഘട്ടത്തെ അവസാന കാലമെന്ന് നിശ്ചയിച്ചിരിക്കുന്നു. 14-ാം നൂറ്റാണ്ടിന്റെ 23 വർഷം കഴിഞ്ഞു കടന്നു. അതുകൊണ്ട് ഇതുതന്നെ, വാഗ്ദത്ത മസീഹ് പ്രത്യക്ഷപ്പെടേണ്ട കാലഘട്ടമാണെന്നുള്ളതിന് ശക്തമായ തെളിവാണ്. ഈ നൂറ്റാണ്ടു തുടങ്ങുന്നതിനു മുമ്പേ വാദിച്ച ഏക വ്യക്തി ഞാനാണ്. ഈ വാദം പുറപ്പെടുവിച്ചശേഷം ഇരുപത്തഞ്ചു വർഷം പിന്നിട്ട ഏകവ്യക്തിയും ഞാൻതന്നെ! ഞാൻ ഇന്നും ജീവിച്ചിരിക്കുന്നു. ക്രിസ്ത്യാനികളേയും മറ്റുമതക്കാരേയും ദൈവത്തിൽനിന്നുള്ള ദൃഷ്ടാന്തങ്ങൾ കൊണ്ട് കുറ്റക്കാരാക്കിയ ആ ഏക വ്യക്തിയും ഞാൻതന്നെ. അതുകൊണ്ട് എന്റെ ഈ വാദത്തിന്നെതിരിൽ ഇതേ സവിശേഷതകളുള്ള ഒരു വാദിയെ കൊണ്ടുവരാത്തിടത്തോളം, ഞാൻ വാഗ്ദത്ത മസീഹും ഈ നൂറ്റാണ്ടിലെ മുജദ്ദിദുമാണെന്ന എന്റെ ഈ വാദം സ്ഥാപിതമാകുകയാണ്.

കാലഘട്ടത്തിൽ അല്ലാഹു അനുഭവങ്ങൾ നിക്ഷേപിച്ചിരിക്കുന്നു. ഒരു കാലത്ത് ദൈവത്തിന്റെ സത്യമസീഹിനെ കുരിശ് മുറിച്ചുകളഞ്ഞു. അദ്ദേഹത്തിന് പരിക്കുകളുണ്ടാക്കി. എന്നാൽ, അവസാന കാലത്ത് മസീഹ് കുരിശിനെ മുറിക്കുമെന്ന് വിധിക്കപ്പെട്ടിരിക്കുന്നു. അതായത്ദൈവികമായ ദൃഷ്ടാന്തങ്ങളാൽ അദ്ദേഹം പാപപരിഹാര സിദ്ധാന്തത്തെ ലോകത്തുനിന്ന് അവസാനിപ്പിക്കുന്നതായിരിക്കും. കേടുവരുത്തിയതിനുള്ള അർഹമായ പ്രതിഫലം, ആക്ഷേപത്തിന് കാരണമല്ല.

### ദൃഷ്ടാന്തം:2

സ്വഹീഹ് ദാറുഖുത്നിയിൽ ഈ ഹദീഥ് ഉണ്ട്. ഇമാം മുഹമ്മദ് ബാഖിർ (ഹദ്റത്ത് ഇമാം മുഹമ്മദ് ബാഖിർ, ഹദ്റത്ത് ഇമാം അലി സയ്നുൽആബിദീന്റെ മകനും നബിﷺതിരുമേനിയുടെ ദൗഹിത്രനായ ഇമാം ഹുസയ്ന്റെ പൗത്രനുമാണ്)പറയുന്നു: **ഇന്ന ലിമഹ്ദീനാ ആയത്തയ്നി ലം തക്കൂനാ മുൻദു ഖൽഖിസ്സമാവാത്തി വൽഅർളി തൻകസിഫുൽഖമറു ലിഅവ്വലി ലയ്ലത്തിൻ മിൻ റമളാന വ തൻകസിഫുശ്ശംസു ഫിന്നിസ്ഫി മിൻഹു.**

നമ്മുടെ മഹ്ദിക്ക് രണ്ട് ദൃഷ്ടാന്തങ്ങളുണ്ട്. ആകാശഭൂമികൾ ഉണ്ടായതു മുതൽ ഈ രണ്ടു ദൃഷ്ടാന്തം മറ്റൊരു ദൈവനിയോഗിതന്റേയോ ദൂതന്റേയോ കാലത്ത് പ്രത്യക്ഷപ്പെട്ടിട്ടില്ല. അവയിലൊന്ന് വാഗ്ദത്തമഹ്ദിയുടെ കാലത്ത് റമളാൻ മാസത്തിൽ ചന്ദ്രഗ്രഹണം ആദ്യരാവിൽ ഉണ്ടാകുന്നതായിരിക്കും. (അതായത് പതിമൂന്നാം രാവിൽ). സൂര്യഗ്രഹണം അതിന്റെ ദിനങ്ങളിൽപ്പെട്ട മധ്യദിനത്തിൽ ഉണ്ടാകുന്നതായിരിക്കും. അതായത് അതേ റമളാനിന്റെ 28-ാം തിയതി. അങ്ങനെയുള്ളൊരു സംഭവം ലോകമുണ്ടായതു മുതൽ ഏതെങ്കിലും റസൂലിന്റേയോ നബിയുടേയോ കാലത്ത് ഒരിക്കലും ഉണ്ടായിട്ടില്ല. വാഗ്ദത്ത മഹ്ദിയുടെ കാലത്തു മാത്രമാണ് അങ്ങനെയൊരു സംഭവം ഉണ്ടാകണമെന്ന് വിധിക്കപ്പെട്ടിട്ടുള്ളത്. ഇപ്പോൾ എല്ലാ ഇംഗ്ലീഷ്, ഉർദു ദിനപത്രങ്ങളും ജ്യോതിശാസ്ത്രജ്ഞന്മാരും എന്റെ കാലത്ത് തന്നെയാണ്– ഇതേ സവിശേഷതയുള്ള ചന്ദ്രന്റേയും സൂര്യന്റേയും ഗ്രഹണം റമളാൻ മാസത്തിൽ സംഭവിച്ചു കഴിഞ്ഞുവെന്നതിന് സാക്ഷികളായിട്ടുള്ളത്. അതുണ്ടായി ഏകദേശം 12 വർഷം കഴിഞ്ഞിരിക്കുന്നു. വേറൊരു ഹദീഥിൽ നിവേദനം ചെയ്യപ്പെട്ട പ്രകാരം ഈ ഗ്രഹണങ്ങൾ റമളാൻ മാസത്തിൽ രണ്ടു പ്രാവശ്യം ഉണ്ടായിട്ടുണ്ട്. ഒന്ന് ഈ രാജ്യത്തും(1894-ൽ) മറ്റൊന്ന് അമേരിക്കയിലും. രണ്ടു പ്രാവശ്യവും ഈ ഗ്രഹണങ്ങൾ സംഭവിച്ചത് ഹദീഥിൽ ചൂണ്ടിക്കാണിച്ച അതേ ദിവസങ്ങളിലാണ്. ഈ ഗ്രഹണങ്ങളുടെ സമയത്ത് ഞാനല്ലാതെ ഭൂമിയിൽ മറ്റാരും വാഗ്ദത്ത മഹ്ദിയാണെന്ന് അവകാശപ്പെട്ടിട്ടില്ല. താൻ വാഗ്ദത്ത മസീഹായതിന്റെ ദൃഷ്ടാന്തങ്ങളാണിതെന്നു ആരും അവകാശപ്പെട്ടിട്ടുമില്ല. ആരും എന്നെപ്പോലെ ഇത് തന്റെ മഹ്ദവിയത്തിനുള്ള അടയാളമാണെന്ന് പറഞ്ഞുകൊണ്ട് നൂറുക്കണക്കിന് വിജ്ഞാപനങ്ങളും ലഘുലേഖകളും ഉർദു, ഫാർസി, അറബി ഭാഷകളിൽ ലോകത്ത് പ്രസിദ്ധീകരിച്ചിട്ടുമില്ല. അതിനാൽ ഈ ദൈവികാടയാളം എനിക്കുവേണ്ടി നിശ്ചയിക്കപ്പെട്ടതാണ്. ഈ വാദത്തെ പിന്തുണയ്ക്കുന്ന മറ്റൊരു കാര്യമെന്താണെന്നാൽ ഈ ദൃഷ്ടാന്തം പ്രകടമാകുന്നതിനു പന്ത്രണ്ടു വർഷങ്ങൾക്ക് മുമ്പേ സർവ്വശക്തനായ അല്ലാഹു ഇങ്ങനെയൊരു ദൃഷ്ടാന്തം വെളിപ്പെടുമെന്ന് എന്നെ അറിയിച്ചിട്ടുണ്ടെന്നുള്ളതാണ്. ഈ സുവിശേഷം, ദൃഷ്ടാന്തം സംഭവിക്കുന്നതിനു മുമ്പേ തന്നെ ബറാഹീനെ അഹ്മദിയ്യായിൽ രേഖപ്പെടുത്തിയിട്ടുണ്ടെന്നുള്ളത് ലക്ഷക്കണക്കിനാളുകളിൽ പരസ്യപ്പെടുത്തി കഴിഞ്ഞിട്ടുള്ളതാണ്.

എന്റെ എതിരാളികൾ എന്നെ ഇങ്ങനെ ആക്ഷേപിക്കുന്നത് വെറും പക്ഷപാതം കൊണ്ടാണെന്നത് വ്യസനകരമാണ്. ഹദീഥിൽ പറയുന്നത് ചന്ദ്രഗ്രഹണം ആദ്യരാവിൽ ഉണ്ടാകുമെന്നും സൂര്യഗ്രഹണം മധ്യപകലിൽ ഉണ്ടാകുമെന്നുമാണ്. എന്നാൽ, അങ്ങനെ സംഭവിച്ചിട്ടില്ലെന്നാണ് പറയുന്നത്. അവരുടെ തർക്കപ്രകാരം ചന്ദ്രഗ്രഹണം ചന്ദ്രക്കലരാവിൽ സംഭവിച്ചിരിക്കണമായിരുന്നു. അതായത് ചന്ദ്രമാസത്തിന്റെ ആദ്യരാവിൽ. സൂര്യഗ്രഹണം ചന്ദ്രമാസത്തിന്റെ 15-ാം പകലിലും നടക്കണമത്രെ! ഈ വിധത്തിലുള്ള ചിന്ത അവരുടെ തെറ്റുധാരണയുടെ മാത്രം ഉല്പന്നമാണ്. ലോകമുണ്ടായതു മുതൽ സർവ്വശക്തനായ ദൈവത്തിന്റെ പ്രകൃതിനിയമം ചന്ദ്രഗ്രഹണത്തിനായി നിശ്ചയിച്ചിട്ടുള്ളത് ചന്ദ്രമാസത്തിലെ 13, 14, 15 രാത്രികളാണ്. അതേപ്രകാരം സൂര്യഗ്രഹണത്തിനായി നിശ്ചയിച്ചിരിക്കുന്നത് ചന്ദ്രമാസത്തിലെ 27, 28, 29 പകലുകളുമാണ്. അങ്ങനെയാണ് ചന്ദ്രമാസത്തിലെ 28-ാം പകൽ സൂര്യഗ്രഹണത്തിന് നിശ്ചയിക്കപ്പെട്ടത്. ഹദീഥിന്റെ ഉദ്ദേശ്യത്തിനു തികച്ചും അനുയോജ്യമായി ചന്ദ്രനും സൂര്യനും ഒരേ റമളാൻ മാസത്തിൽ ഗ്രഹണങ്ങളുണ്ടായി. അതായത് ചന്ദ്രഗ്രഹണം

ശേഷം പേജ് 12 ൽ

# സീറത്തുൽമഹ്ദി

## ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ് رضي الله عنه

**ബിസ്മില്ലാഹിർറഹ്മാനിർറഹീം** :എന്റെ മാതാവ് എന്നോടു വിവരിച്ചു. അവരോടു ഹദ്റത്ത് മസീഹ് മൗഊദ്عليه السلامപറഞ്ഞു:

വലിയ മിർസാ സാഹിബ് (മസീഹ് മൗഊദ്عليه السلامന്റെ പിതാവ്) കശ്മീരിൽ ഉദ്യോഗസ്ഥനായിരുന്നു. പലപ്രാവശ്യവും ഞങ്ങളുടെ മാതാവ് പറഞ്ഞു: കശ്മീരിൽനിന്ന് കുറച്ചു വരുമെന്ന് ഇന്ന് എന്റെ മനസ്സു പറയുന്നു. അതേ ദിവസം കശ്മീരിൽനിന്ന് ആളു വന്നു. ചിലപ്പോൾ മാതാവ് ഇവിടെ ഇങ്ങനെ പറയുമ്പോൾത്തന്നെഅവിടെ വാതിലിൽ ആരെങ്കിലും മുട്ടുന്ന സംഭവവുമുണ്ടായിട്ടുണ്ട്. അന്വേഷിച്ചപ്പോൾ അറിയാൻ കഴിഞ്ഞത് കശ്മീരിൽനിന്ന് ആൾ വന്നിട്ടുണ്ടെന്നാണ്. മാതാവ് പറയാറുണ്ടായിരന്നു നിങ്ങളുടെ പിതാമഹൻ കശ്മീരിൽനിന്ന് തന്റെ ആളെ കുറച്ചുമാസത്തിനുശേഷം കത്തും പണവും കൊടുത്തു അയക്കുമായിരുന്നു. പണം തുടങ്ങിയവ വെള്ളി, സ്വർണത്തിന്റെ രൂപത്തിൽ പഴന്തുണി സഞ്ചിയുടെ ഉള്ളിൽവെച്ച് പൊതിഞ്ഞ് തയ്ച്ചുപിടിപ്പിച്ചിട്ടുണ്ടാകുമായിരുന്നു. അത് അയാൾ ശരീരത്തിൽകെട്ടി ധരിച്ചുവെക്കുകയും ഖാദിയാനിലെത്തി അഴിച്ച് വീടിന്റെ ഉളളിൽ കൊടുത്തയ്ക്കുകയും ചെയ്തിരുന്നു. വീട്ടുകാർ അത് അഴിച്ച് പൈസ എടുക്കുമായിരുന്നു. പിന്നീട് സഞ്ചി മടക്കിക്കൊടുക്കുകയും ചെയ്യും. മാതാവ് പറഞ്ഞു:നിങ്ങളുടെ പിതാമഹൻ കശ്മീരിൽ സ്വൂബയായിരുന്നു. ആ നേരത്ത് ഹദ്റത്ത് ഖലീഫത്തുൽ ഥാനിയും മുകളിൽനിന്ന് ഇറങ്ങി വന്നു. അദ്ദേഹം പറഞ്ഞു:എപ്രകാരം ഇംഗ്ലീഷുകാരിൽ ഈയിടെയായി ഡപ്യൂട്ടി കമ്മീഷണർ കമ്മീഷണർ തുടങ്ങിയവരുണ്ടോ അതേപോലെ കശ്മീരിൽ തദ്ദേശ ഗവർണർമാരുണ്ട്. നമ്മുടെ പിതാമഹി അതായത് ഹദ്റത്ത് മസീഹ് മൗഊദ്عليه السلامന്റെ മാതാവിന്റെ പേര് ചിരാഗ് ബീബി എന്നായിരുന്നു. അവർ പിതാമഹന്റെ ജീവിത കാലത്തുത്തന്നെ വഫാത്തായിരുന്നു. അവർക്ക് ഹദ്റത്ത് സാഹിബിനോടു വളരെ സ്നേഹമായിരുന്നു. ഹദ്റത്ത് സാഹിബിന് അവരോടും വളരെ സ്നേഹമായിരുന്നു. ഞാൻ പലപ്പോഴും കണ്ടിട്ടുണ്ട് അവിടന്ന് അവരെ കുറിച്ച് പറയുമ്പോൾ അവിടത്തെ കണ്ണുകൾ നിറയുമായിരുന്നു.

**ബിസ്മില്ലാഹിർറഹ്മാനിർഹീം.** മാതാവ് എന്നോടു വിവരിച്ചു:ഹദ്റത്ത് മസീഹ് മൗഊദ്عليه السلام ചൊവ്വാഴ്ച ദിവസം നല്ലതായി മനസ്സിലാക്കിയിരുന്നില്ല. പറഞ്ഞു: ഇപ്രകാരം തന്നെ ഹദ്റത്ത് ഖലീഫത്തുൽമസീഹ് ഥാനീرضي الله عنه മുബാറക്ക ബീഗം (ഞങ്ങളുടെ സഹോദരി) ജനിക്കുമ്പോൾ ചൊവ്വാഴ്ച ദിവസമായിരുന്നു. അതുകൊണ്ട് ഹദ്റത്ത് സാഹിബ് ദുആ ചെയ്തു: അല്ലാഹു, ചൊവ്വാഴ്ചയുടെ ബുദ്ധിമുട്ടുകളിൽനിന്നും സുരക്ഷിതമാക്കി വെക്കുമാറാകട്ടെ. ഹദ്റത്ത് മസീഹ് മൗഊദ്عليه السلامജുമുഅ ദിവസം ഇരട്ടകുട്ടികളായിട്ടാണ് ജനിച്ചത്. ചൊവ്വാഴ്ചയാണ് വഫാത്തായത്. കാലം ഉൾപ്പെടുന്നത് ലോകർക്കുവേണ്ടിയാണെന്ന് നമ്മൾ അറിയയേണ്ടതാണ്. ദുൻയാവിനെ സംബന്ധിച്ചിടത്തോളം യഥാർഥത്തിൽ അദ്ദേഹത്തിന്റെ വേർപാട് ദിവസം ഒരു മുസ്വീബത്തിന്റെ ദിവസമായിരുന്നു.

(ഈ നിവേദനത്തിന്റെ ഉദ്ദേശ്യം ചൊവ്വാഴ്ച ദിവസം ചീത്തയായ ദിവസമാണെന്നല്ല. പ്രത്യുത ഇത് രണ്ടാം ഭാഗത്തിന്റെ നിവേദനം നമ്പർ 311, 322, 360-ൽ വിവരിച്ചു കഴിഞ്ഞിട്ടുളളതാണ്. ഇതുകൊണ്ടുള്ള ഉദ്ദേശ്യം ചൊവ്വാഴ്ച ദിവസം ആകാശഗോളങ്ങളുടെ ഗോപ്യമായ സ്വാധീനംകൊണ്ട് അത് കാഠിന്യത്തിന്റേയും ബുദ്ധിമുട്ടുകളുടേയും വശമുൾക്കൊള്ളുന്നു എന്നാണ്. ചൊവ്വാഴ്ചയെ സംബന്ധിച്ച് ഹദീഥിലും നബിﷺതിരുമേനിയുടെ ഈ പ്രസ്താവന വരുന്നുണ്ട്. ചൊവ്വാഴ്ച ദിവസം അല്ലാഹു പർവതങ്ങളും മറ്റു ബുദ്ധിമുട്ടുണ്ടാക്കുന്ന വസ്തുക്കളും സൃഷ്ടിച്ചു. *(തഫ്സീർ ഇബ്നുകഥീർ ആയത്ത് ഖലഖൽ അർളി ഫീ യൗമയ്നി)*

**ബിസ്മില്ലാഹിർറഹ്മാനിർഹീം** ഹദ്റത്ത് വാലിദ സാഹിബ എന്നോടു പറഞ്ഞു:ഹദ്റത്ത് മസീഹ് മൗഊദ്عليه السلامന് അവസാന രോഗമുണ്ടായപ്പോൾ, അവിടത്തെ ആരോഗ്യനില മോശമായപ്പോൾ ഞാൻ പരിഭ്രമിച്ചുകൊണ്ടു പറഞ്ഞു: 'അല്ലാഹുവേ ഇതെന്താണ് സംഭവിക്കുന്നത്? അപ്പോൾ ഹദ്റത്ത് സാഹിബ് പറഞ്ഞു: 'ഇത് ഞാൻ പറയാറുണ്ടായിരുന്നത് തന്നെയാണ്.' ഞാൻ ചുരുക്കി വിവരിക്കുകയാണ്:ഹദ്റത്ത് മസീഹ് മൗഊദ്عليه السلام1908 മെയ് 25 തിങ്കളാഴ്ച വൈകുന്നേരം തികച്ചും നല്ല നിലയിലായിരുന്നു. രാത്രിയിൽ ഇശാ നമസ്കാരത്തിനുശേഷം ഞാൻ വെളിയിൽനിന്ന് വീട്ടിൽ വന്നു. അപ്പോൾ ഞാൻ കണ്ടത് അവിടന്ന് മാതാവിനോടൊപ്പം കട്ടിലിലിരുന്ന് ഭക്ഷണം കഴിക്കുന്നതാണ്. ഞാനെന്റെ കിടക്കയിൽപ്പോയി കിടന്നു. പിന്നീട് എനിക്ക് ഉറക്കം വന്നു. രാവിലെ എന്നെ ഉണർത്തി. ആളുകൾ നടക്കുന്നതും ഇരിക്കുന്നതുംകേട്ട് സ്വയം ഉണർന്നതാണെന്ന് തോന്നുന്നു. അപ്പോൾ ഹദ്റത്ത് സാഹിബിന് വയറ്റിൽനിന്ന് പോകുന്നുണ്ടായിരുന്നു. അവസ്ഥ അങ്ങേയറ്റം മോശമായിരുന്നു. അവിടേയും ഇവിടേയുമൊക്കെ ശുശ്രൂഷകരും മറ്റുള്ളവരും ജോലിയിൽ മുഴുകിയിരുന്നു. എന്റെ ആദ്യ ദൃഷ്ടി ഹദ്റത്ത് സാഹിബിൽ പതിഞ്ഞപ്പോൾ എന്റെ മനസ്സ് അസ്വസ്ഥമായി. കാരണം അത്തരമൊരു അവസ്ഥ അതിനുമുമ്പേ ഞാൻ അദ്ദേഹത്തിൽ കണ്ടിട്ടില്ല. ഇത് മർളുൽമൗത്താണെന്ന് എനക്കുതോന്നി. ആ നേരത്ത് അവിടന്ന് അങ്ങേയറ്റം ക്ഷീണിതനായി കഴിഞ്ഞിരുന്നു. അപ്പോൾ ഡോക്ടർ നാഡി നോക്കി. ചലിക്കുന്നില്ല. വഫാത്തായെന്ന് എല്ലാവരും കരുതി. എല്ലാവരും ഒരു നിശബ്ദതപരന്നു. എന്നാൽ, അൽപ്പസമയം കഴിഞ്ഞപ്പോൾ നാഡിമിടിപ്പ് തുടങ്ങി. എന്നാൽ, അവസ്ഥ മോശമായ നിലയിൽത്തന്നെ തുടർന്നു. അപ്പോൾ നേരം വെളുത്തിരന്നു. ഹദ്റത്ത് മസീഹ് മൗഊദ്عليه السلامന്റെ കട്ടിൽ വെളിയിൽ മുറ്റത്തുനിന്നെടുത്ത് ഉള്ളിൽ മുറിയിൽ കൊണ്ടുവന്നു. നേരം കുറച്ചു വെളുത്തപ്പോൾ ഹദ്റത്ത് മസീഹ് മൗഊദ്عليه السلامനമസ്കാരത്തിന് സമയമായോ? എന്ന് ചോദിച്ചു. ശെയ്ഖ് അബ്ദുർ റഹ്മാൻ സാഹിബ് ഖാദിയാനിرضي الله عنهയാണെന്ന് തോന്നുന്നു,പറഞ്ഞു, 'ഹുദൂർ സമയമായി.' അവിടന്ന് കിടക്കയിൽത്തന്നെ കൈയടിച്ച് തയമ്മും ചെയ്തു. കിടന്നുകൊണ്ടുതന്നെ നമസ്കാരം ആരംഭിച്ചു. എന്നാൽ, അ അവസ്ഥയിൽ മയക്കംപോലെ ഉണ്ടായി. നമസ്കാരം പൂർത്തിയക്കാൻ കഴിഞ്ഞില്ല. കുറച്ചു സമയത്തിനുശേഷം വീണ്ടും അവിടന്ന് ചോദിച്ചു, സുബ്ഹി നമസ്കാരത്തിന് സമയമായോ? സമയമായെന്ന് അറിയിച്ചു. വീണ്ടും നമസ്കാരത്തിന് നിയ്യത്തു ചെയ്തു. എന്നാൽ, അത് പൂർത്തിയാക്കാൻ കഴിഞ്ഞോ എന്നെനിക്ക് ഓർമയില്ല. ആ നേരത്ത് അവിടത്തെ അവസ്ഥ വിഷമത്തിന്റേയും പരിഭ്രത്തിന്റേയുമായിരന്നു. എട്ടോ എട്ടരയോ മണിയായപ്പോൾ ഡോക്ടർ ചോദിച്ചു, ഹൂദൂറിന് ഇപ്പോൾ പ്രത്യേകമായി എന്താണ് ബുദ്ധിമുട്ടുള്ളത്? എന്നാൽ, ആ മഹാത്മാവിന്ഉത്തരം കൊടുക്കാൻ കഴിഞ്ഞില്ല. അതുകൊണ്ട് കടലാസും പേനയും വരുത്തിച്ചു. അവിടന്ന് ഇടതുകൈയുടെ സഹായത്താൽ എഴുന്നേറ്റിരുന്ന് എന്തോ എഴുതാനാഗ്രഹിച്ചു. എന്നാൽ, വളരെ പ്രയാസപ്പെട്ട് രണ്ടു നാലു വക്കുകൾ മാത്രമാണ് എഴുതാൻ കഴിഞ്ഞത്. പിന്നീട് ക്ഷീണം കാരണത്താൽകടലാസിന്റെ മേൽ പേന ഇഴഞ്ഞിഴഞ്ഞ് നീങ്ങാൻ തുടങ്ങി. വീണ്ടും അവിടന്ന് കിടന്നു. ഈ അവസാനത്തെ ലിഖിതം അതിൽ നാവിന്റെ ബുദ്ധിമുട്ടിന്റെപ്രകടനമായിരുന്നുവെന്നാണ് തോന്നുന്നത്. കുറച്ചു ഭാഗം വായിച്ചെടക്കാൻ കഴിയുമായിരുന്നില്ല. അത് മാതാവിന് നല്കപ്പെട്ടു. 9 മണിക്കുശേഷം ഹദ്റത്ത് സാഹിബിന്റെ അവസ്ഥ കൂടുതൽ ഗുരുതരമായി. അൽപ്പസമയത്തിനുശേഷം മരണവായു വലിക്കാൻ തുടങ്ങി. എന്നാൽ, ഒരു ശബ്ദവുമുണ്ടായിരുന്നില്ല. ദീർഘമായി ശ്വാസം വലിച്ചുകൊണ്ടിരുന്നു. ഞാൻ ആ നേരത്ത് ആ മഹാത്മാവിന്റെ


**• ഹദീഥുന്നബ്വിﷺ •**

"അൽമുസ്ലിമു അഖുൽമുസ്ലിമി."
ഒരു മുസ്ലിം മറ്റൊരു മുസ്ലിമിന്റെ സഹോദരനാണ്.

ത്വാലിബെ ദുആ
Late DILSAD ABDULLATHEEF AND FAMILY KALLIKOTE
PATHAPPIRIYAM, MALAPURAM



**• ഹദീഥുന്നബ്വിﷺ •**

"അസ്സലാമു ഖബ്ലൽകലാമി."
സംസാരിക്കുന്നതിനുമുമ്പേ സലാം പറയുക.




ത്വാലിബെ ദുആ
DR.C.G. KAMALUDDEEN, DR. C.G. NAZIM AHMAD
VAYANASHALA, PATHAPPIRIYAM, KERALA

EDITOR
H.Shamsuddin
Sub Editor : Mohammad Ismail
Mobile : 91 9446656123
e-mail : badarmalayalam@gmail.com
Layout : HTA Creative Graphics

REGISTERED WITH THE REGISTRAR OF THE NEWSPAPER FOR INDIA AT NO PUNMAL/2016/70551

ബദ്ർ വീക്കിലി ഖാദിയാൻ
Weekly **BADAR** Qadian
Distt. Gurdaspur (Pb.) INDIA Qadian - 143516

POSTAL REG NO GDP-44/2026-28 Vol-11 Thursday 29 January 2026 Issue: 05

ACT. MANAGER
ATHAR AHMAD SHAMIM
Mobile: +91 9815639670
e-mail : managerbadrqnd@gmail.com
website : www.alislam.org/badr

**ANNUAL SUBSCRIPTION :** Rs.600/- (Per Issue : Rs. 12.00/-) (WEIGHT : 20-50 gms/Issue)

തലഭാഗത്തു നിൽപ്പുണ്ടായിരുന്നു. ഈ അവസ്ഥകണ്ട് അടുത്ത മുറിയിലുണ്ടായിരുന്ന മാതാവിനെ വിവരം അറിയിച്ചു. അവരും കൂടെ ഉണ്ടായിരുന്ന കുറച്ചു സ്ത്രീകളുംഅവിടത്തെ കട്ടിലിന്നടുത്ത് വന്ന് തറയിലിരുന്നു. ആ നേരത്ത് ഡോക്ടർ മുഹമ്മദു ഹുസയ്ൻ ശാഹ് സാഹിബ് ലാഹോരി അവിടത്തെ സ്തനത്തിനടുത്ത് മരുന്ന് കുത്തിവെച്ചു. അതിനാൽ അവിടെ തടിപ്പുണ്ടായി. എന്നാൽ, ഒരു ഭേദവുമുണ്ടായില്ല. എന്നല്ല ചിലയാളുകൾ അത് മോശമായി കരുതി. എന്തിനാണ് അദ്ദേഹത്തെ ഈ നേരത്ത് ബുദ്ധിമുട്ടിലാക്കുന്നതെന്ന് അവർ ചോദിച്ചു. കുറച്ചു സമയം വരെ ശ്വാസം വലിച്ചുവിട്ടുകൊണ്ടിരുന്നു. ശ്വാസത്തിന്റെ ഇടവേള കൂടാൻ തുടങ്ങി. അങ്ങനെ അവസാനം ഒരു ദീർഘശ്വാസമെടുത്തു. അവിടത്തെ ആത്മാവ് അല്ലാഹുവിന്റെ സന്നിധിയിലേക്ക് പറന്നുയരുകയും ചെയ്തു. **അല്ലാഹുമ്മ സ്വല്ലി വ അലാ മുത്വായിഹീ മുഹമ്മദിൻ വ ബാരിക് വ സല്ലിം**(*സീറത്തുൽ മഹ്ദി വാള്യം 1, പേജ് 7-10, പ്രസാധനം ഖാദിയാൻ)*

**പേജ് 1ൽ നിന്ന്**

ഏതെങ്കിലും നല്ല ഡോക്ടറെ കൊണ്ടു ചികിത്സിക്കുന്നില്ലെങ്കിൽ കുട്ടി മരിച്ചുപോകുമെന്ന് പറഞ്ഞാൽ, സ്ത്രീ പുരുഷഡോക്ടറെകൊണ്ട് കുട്ടിയെ എടുപ്പിക്കുന്നില്ലെങ്കിൽ അവൾ പാപിയായിരിക്കും, അവൾ ആത്മഹത്യ ചെയ്തതു പോലെയായിരിക്കും. പിന്നീട് നിർബന്ധമായ ജോലി കാരണത്താലും ഇതു ചെയ്യാവുന്നതാണ്. കർഷക കുടുംബത്തിലെ സ്ത്രീകളുടെ ഉദാഹരണം ഞാൻ പറഞ്ഞതാണ്. അവർക്ക് ജീവിക്കാൻ കഴിയുകയില്ല. തങ്ങളുടെ ഭർത്താവിനെ അദ്ദേഹത്തിന്റെ ജോലിയിൽ സഹായിക്കാത്തിടത്തോളം. ഈ എല്ലാ കാര്യങ്ങളും ഇല്ലാ മാ ള്വഹറ മിൻഹാ എന്നതിൽ പെട്ടതാണ്."*(തഫ്സീറെ കബീർ വാള്യം 8, പേജ് 488, സൂറത്തുന്നൂർ ആയത്ത് 32)*

**പേജ് 10ൽ നിന്ന്**

13-ാം രാത്രിയിലും, സൂര്യഗ്രഹണം 28-ാം പകലിലും സംഭവിച്ചു.

അറബി നിഘണ്ടു പ്രകാരം ഒന്നാം രാത്രിയിലെ ചന്ദ്രനെ 'ഖമർ' (അതായത് ഹദീഥിലുള്ള പദം) എന്നു പറയുകയില്ല. അതിനു പകരം ആദ്യ മൂന്നു ദിവസത്തെ ചന്ദ്രന് 'ഹിലാൽ' എന്നാണ് പറയുന്നത്. ചിലരുടെ അഭിപ്രായമനുസരിച്ച് ആദ്യ ഏഴു ദിവസത്തെ ചന്ദ്രനെ 'ഹിലാൽ' എന്നു വിളിക്കപ്പെടുന്നു.

രണ്ടാമത്തെ ആക്ഷേപമെന്തെന്നാൽ ഇനി ആദ്യദിവസത്തെ ചന്ദ്രന് 13-ാം രാത്രിയിലും മധ്യപകലിൽ (28-ാം പകലിലെ) സൂര്യന് ഗ്രഹണമുണ്ടായാൽ ത്തന്നെ അതിലെന്താണ് അമാനുഷികത്വം എന്നതാണ്? റമളാൻ മാസത്തിൽ ഒരിക്കലും സൂര്യചന്ദ്രഗ്രഹണങ്ങൾ ഉണ്ടായിട്ടില്ലേ? അതിനുള്ള മറുപടിയെന്തെന്നാൽ, റമളാൻ മാസത്തിൽ ഈരണ്ടു ഗ്രഹണങ്ങളും ഒരിക്കലും സംഭവിച്ചിട്ടില്ലെന്നല്ല ഹദീഥ് പറയുന്നത്. മറിച്ച് അതിന്റെയർഥം റമളാൻ മാസത്തിൽ ഈ രണ്ട് ഗ്രഹണങ്ങളും ഒരുമിച്ചുണ്ടായപ്പോൾ ഒരാളും റസൂലെന്നോ നബിയെന്നോ വാദിക്കുന്നവരായി ഉണ്ടായിട്ടില്ലെന്നാണ്. ഹദീഥിലെ വ്യക്തമായ പദപ്രയോഗം ഇതിനു സാക്ഷ്യം വഹിക്കുന്നു. ഈ രണ്ട് ഗ്രഹണങ്ങളും ഒരുമിച്ചു റമളാൻ മാസത്തിൽത്തന്നെ സംഭവിച്ചുവെന്നും അപ്പോൾ ഒരു റസൂലോ നബിയോ വാദിച്ചിരുന്നുവെന്നും ഒരാൾ പറയുകയാണെങ്കിൽ അതിന് തെളിവ് ഹാജരാക്കേണ്ടതാണ്. പ്രത്യേകിച്ചും ഇസ്‌ലാമിക കലണ്ടർ അനുസരിച്ച് 1300 വർഷങ്ങൾക്കിടയിൽ നിരവധി വ്യാജവാദികൾ വാഗ്ദത്ത മഹ്ദിയും മസീഹുമാണെന്ന് വാദിച്ചിട്ടുണ്ടെന്ന കാര്യം ആർക്കാണറിയാത്തത്? ആ വ്യാജവാദികൾ യുദ്ധം ചെയ്കപോലുമുണ്ടായിട്ടുണ്ട്. അവരുടെ കാലത്ത് റമളാൻ മാസത്തിൽ സൂര്യചന്ദ്രഗ്രഹണങ്ങളുണ്ടായിട്ടുണ്ടെന്ന് ആർക്കാണ് തെളിയിക്കാൻ സാധിക്കുക? തെളിവ് ഹാജരാക്കാത്തിടത്തോളം നിസംശയം ഈ സംഭവം അമാനുഷികം തന്നെയാണ്. എന്തെന്നാൽ അതുപോലൊന്ന് ലോകത്ത് കാണപ്പെടാത്തതിനെയാണ് 'അമാനുഷികം' എന്നു പറയുന്നത്.

അതിനെക്കാളുപരി ഹദീഥ് മാത്രമല്ല വിശുദ്ധഖുർആനും ഇതു ചൂണ്ടിക്കാണിച്ചിട്ടുണ്ട്. താഴെ കൊടുക്കുന്ന വചനം നോക്കുക.

### വ ഖസഫൽ ഖമറു, വ ജുമിഅശ്ശംസു വൽ ഖമറു

ചന്ദ്രന് ഗ്രഹണമുണ്ടാവുകയും സൂര്യനും ചന്ദ്രനും (ഗ്രഹണം സംഭവിക്കുന്ന കാര്യത്തിൽ) ഒരുമിച്ചു കൂട്ടപ്പെടുകയും ചെയ്താൽ (75:9-10)1*

മൂന്നാമത്തെ ആക്ഷേപം ഈ ഹദീഥ് 'മർഫൂഅ് മുത്തസ്സിൽ'(മർഫൂഅ് എന്നാൽ ഉന്നതം. നിവേദകപരമ്പര അവിച്ഛിന്നമായും ദോഷരഹിതമായും നബിﷺതിരുമേനിവരെ എത്തിയിട്ടുള്ളത്. മുത്തസ്സിൽ എന്നാൽ, അവിച്ഛിന്നം. അതായത് നിവേദകശൃംഖലയിൽ കണ്ണികൾക്കൊന്നിനുംതന്നെ കേടുപാടുകൾ കൂടാതെ നബിﷺതിരുമേനിവരെ എത്തുന്നത്. അതായത് അവിച്ഛിന്നമായ(വിച്ഛേദിക്കപ്പെടാത്ത, ഇടവിടാതെയുളള) 'സനദു'കളുളള ഹദീഥുകൾ) അല്ലെന്നും അത് ഇമാം മുഹമ്മദ് ബാഖിർ(റ)ന്റെ വെറും പ്രസ്താവന മാത്രമാണെന്നുമാണ്. ഇതിനുള്ള മറുപടി ഇതാണ്. നബി(സ) തിരുമേനിയുടെ ഉമ്മത്തിലുള്ള ഇമാമീങ്ങളുടെ ചര്യയെന്തായിരുന്നുവെന്നാൽ അവരുടെ വ്യക്തിപരമായ ഔന്നത്യം കാരണം നിവേദക പരമ്പരയുടെ ആളുകളുടെ പേരുകൾ രേഖപ്പെടുത്തിവെക്കുന്നത് ആവശ്യമായി അവർ കരുതിയിരുന്നില്ല. അവരുടെ ഈ ചര്യ വളരെ പ്രശസ്തമാണ്. ഈവിധത്തിലുള്ള നൂറുക്കണക്കിലുള്ള ഹദീഥുകൾ ശിയാ കക്ഷിയിലുണ്ട്. അതിലുപരി ഇമാം ദാറുഖുത്വ്നി അദ്ദേഹത്തിന്റെ ഹദീഥ് ശേഖരണത്തിൽ അതുൾപ്പെടുത്തിയിട്ടുമുണ്ട്.

കൂടാതെ, ഈ ഹദീഥിൽ ഉൾപ്പെടുത്തിയ കാര്യം പരോക്ഷമായതാണ്. 1300 വർഷങ്ങൾക്കുശേഷമാണ് യഥാർഥത്തിൽ അത് പ്രകടമാകുന്നത്. ചുരുക്കത്തിൽ അതു പറയുന്നത് വാഗ്ദത്ത മസീഹിന്റെ കാലത്ത് ചന്ദ്രഗ്രഹണം 13-ാം രാവിലും സൂര്യഗ്രഹണം മദ്ധ്യപകലിലും സംഭവിക്കുമെന്നാണ്. (അതായത് 28ന് പകലിൽ). ഇത് വാഗ്ദത്ത മഹ്ദി ഒഴികെയുള്ള ആരുടെ കാലത്തും സംഭവിക്കുകയുമില്ല. വളരെ വ്യക്തമായ കാര്യമെന്തെന്നാൽ പരോക്ഷമായ കാര്യങ്ങൾ ഒരു പ്രവാചകനല്ലാതെ മറ്റാർക്കും പറയാൻ സാധ്യമല്ല എന്നതാണ്. സർവ്വോന്നതനായ അല്ലാഹു വിശുദ്ധഖുർആനിൽ പറയുന്നു:

അല്ലാഹു ചുരുങ്ങിയ വാക്കുകളിൽ ചൂണ്ടിക്കാട്ടിയിട്ടുള്ളത് അവസാനകാലത്തേക്കുളള അടയാളമാണിതെന്നാണ്.അതായത് ഒരേയൊരു മാസത്തിൽ സംഭവിക്കുന്ന സൂര്യചന്ദ്രഗ്രഹണങ്ങൾ! ഇതേ ആയത്തിന്റെ അടുത്ത ഭാഗത്ത്, ഇതിനെ നിഷേധിക്കുന്നവർക്ക് ഓടിപ്പോകാൻ ഒരു ഇടവും ഉണ്ടായിരിക്കുകയില്ലെന്ന് അല്ലാഹു പറയുന്നു. ഇതിൽനിന്ന് പ്രകടമാകുന്നത് സൂര്യചന്ദ്രഗ്രഹണങ്ങൾ വാഗ്ദത്ത മഹ്ദിയുടെ കാലത്തായിരിക്കും ഉണ്ടാകുക എന്നാണ്. ചുരുക്കത്തിൽ സൂര്യചന്ദ്രഗ്രഹണങ്ങൾ ഉണ്ടാകുന്നത് ദൈവിക പ്രവചനമനുസരിച്ചായതിനാൽ നിഷേധികളുടെമേൽ ന്യായപൂർത്തി ഉണ്ടാകുന്നതായിരിക്കും.

1*.മർഫൂഅ് എന്നാൽ, നിവേദകരുടെ പരമ്പര നബി(സ)തിരുമേനി വരെ എത്തുന്ന ഹദീഥാണ്. മുത്തസ്സിൽ എന്നാൽ, നിവേദക പരമ്പരയുടെ കണ്ണി തടസ്സം കൂടാതെ നില്ക്കുമെന്നാണ്.

ലാ യുള്ഹിറു അലാ ഗയ്ബിഹീ അഹദൻ ഇല്ലാ മനിർത്തളാ മിൻ ർറസൂലിൻ അതായത് അല്ലാഹു തന്റെ പരോക്ഷമായ കാര്യങ്ങൾ റസൂൽമാർക്കല്ലാതെ മറ്റാർക്കും അറിയിച്ചുകൊടുക്കുകയില്ല.(72:27-28)

ഇപ്പോൾ അക്ഷരാർഥത്തിൽ ഈ പ്രവചനം പൂർത്തിയായതിനാൽ, ഹദീഥ് ആധികാരികമല്ല എന്ന വാദം അല്ലെങ്കിൽ ഇമാം മുഹമ്മദ് ബാഖിറിന്റെ പ്രസ്താവന ആധികാരികമല്ല എന്ന കാര്യം മുടന്തൻ ന്യായമാണ്.

യാഥാർഥ്യമിതാണ്, ഈ ആളുകൾ നബി(സ)തിരുമേനിയുടെ അല്ലെങ്കിൽ വിശുദ്ധഖുർആന്റെ ഏതെങ്കിലും പ്രവചനം പൂർത്തിയാവണം എന്ന് ആഗ്രഹിക്കുന്നില്ല. ലോകം അവസാനമടുക്കുകയാണ്.എന്നാൽ, അവരുടെ അഭിപ്രായത്തിൽ അവസാനകാലത്തെ സംബന്ധിച്ച ഒരു പ്രവചനവും പൂർത്തിയായിട്ടില്ല. ഈ ഹദിഥിനേക്കാൾ ആധികാരികമായ ഏത് ഹദീഥാണുള്ളത്, അതിന്റെ പ്രാമാണികതക്ക് ഹദീഥ് പണ്ഡിതന്മാരുടെ വിമർശനത്തെ ആശ്രയിക്കേണ്ടതില്ല. എന്നാൽ, അത് സ്വയംതന്നെ വെളിപ്പെടുത്തിത്തന്നിരിക്കുകയാണ് അതിന് ഏറ്റവും ഉന്നതമായ ആധികാരികതയുണ്ടെന്ന്.*

**ഫഇന്നഹാ ലാ തഅ്മൽ അബ്സ്വാറ വ ലാക്കിൻ തഅ്മൽഖുലൂബുല്ലത്തീ ഫിസ്സ്വുദൂർ**(22:47)എന്തെന്നാൽ കണ്ണുകൾ അന്ധമാകുന്നില്ല. പക്ഷേ, നെഞ്ചുകളിലുളള ഹൃദയങ്ങളാണ് അന്ധമാകുന്നത്.

ദൈവിക ദൃഷ്ടാന്തങ്ങളെ നിരാകരിക്കുകയെന്നത് മറ്റൊരു കാര്യമാണ്. അല്ലാത്തപക്ഷം ഇത് മഹത്തായ ഒരു ദൃഷ്ടാന്തമാണ്. ആയിരക്കണക്കായ ഉലമായും ഹദീഥ് പണ്ഡിതന്മാരും ഇതുണ്ടാകുന്നത് എനിക്കു മുമ്പേതന്നെ കാത്തുകൊണ്ടിരിക്കുകയായിരുന്നു. അവർ മിമ്പറുകളിൽ കയറിയും കരഞ്ഞു കരഞ്ഞും അത് ഓർമപ്പെടുത്താറുണ്ടായിരുന്നു. ഏറ്റവും അവസാനമായി ലഘോക്കകാരനായ മൗലവി മുഹമ്മദും ഇക്കാലത്ത് ഈ ഗ്രഹണത്തെ സംബന്ധിച്ച് തന്റെ 'അഹ്‌വാലുൽ ആഖിറത്ത് എന്ന ഗ്രന്ഥത്തിൽ വാഗ്ദത്ത മസീഹിന്റെ ആഗമനത്തെ സംബന്ധിച്ച് ഒരു കവിത എഴുതിപ്പോയിരിക്കുന്നു.

Printed & Published by: Jameel Ahmed Nasir on behalf of Nigran Board of Badar. Name of Owner: Nigran Board of Badar. And printed at Fazle-Umar Printing Press.
Harchowal Road, Qadian, Distt. Gurdaspur-143516, Punjab. And published at office of the Weekly Badar Mohallah - Ahmadiyya, Qadian Distt. Gsp-143516, Punjab. India. Editor: H.Shamsuddin